# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-6/646/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 15/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-6/646/2021 തീയ്യതി: 15/11/2021

## കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 23-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 23-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ
2)ശ്രീ.വിനോദ് കുമാർ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ശ്രീ.യാദവ കുമാര സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)ശ്രീ.സുനിൽ കുമാർ .എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
5)ശ്രീ.ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ എൻ കൃഷ്ണ ഭട്ട് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി ശാന്ത ബി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രദീപ് എം | സെക്രട്ടറി | 01-04-2020 | 14-01-2021 |
| ശ്രീ.സുനിൽ കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-01-2021 | 12-02-2021 |
| ശ്രീ.പ്രദീപ് എം | സെക്രട്ടറി | 13-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജു എസ് എസ് | കൃഷി ഓഫീസർ | 01-04-2020 | 09-09-2020 |
| ശിവകുമാർ വി | കൃഷി ഓഫീസർ | 10-09-2020 | 31-03-2021 |
| കൈലാസ് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഭവ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സുബ്രഹ്മണ്യ ഭട്ട് കെ | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.ചന്ദ്രബാബു.ഇ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.സത്യശങ്കരഭട്ട്. പി.വി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ ചാർളി മാത്യു | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| അനിൽ കുമാർ എ ജി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശാലിനി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-07-2020 |
| സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2020 | 31-03-2021 |
| ഡോ രശ്മി ആർ ഒ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ജോൺസൺ.കെ.വി | വി.ഇ.ഒ (നീർച്ചാൽ | 01-04-2020 | 12-10-2020 |

| | | | |
|---|---|---|---|
| | സെക്ഷൻ) | | |
| പുരുഷോത്തമൻ എ | വി.ഇ.ഒ (നീർച്ചാൽ സെക്ഷൻ) | 13-10-2020 | 31-03-2021 |
| ഗോപിക | വി.ഇ.ഒ (ബദിയഡുക്ക സെക്ഷൻ) | 01-04-2020 | 15-10-2020 |
| പുരുഷോത്തമൻ എ | വി.ഇ.ഒ (ബദിയഡുക്ക സെക്ഷൻ) | 16-10-2020 | 26-10-2020 |
| ശ്രീജ | വി.ഇ.ഒ (ബദിയഡുക്ക സെക്ഷൻ) | 27-10-2020 | 31-01-2021 |
| പുരുഷോത്തമൻ എ | വി.ഇ.ഒ (ബദിയഡുക്ക സെക്ഷൻ) | 01-02-2021 | 31-03-2021 |
| ലിജു ജോൺ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 28-07-2020 |
| ജഗദീശ എം (AO) | അസിസ്റ്റന്റ് സെക്രട്ടറി I/C | 29-07-2020 | 14-09-2020 |
| ഫ്രെഡി കെ.എസ് (HC) | അസിസ്റ്റന്റ് സെക്രട്ടറി I/C | 15-09-2020 | 16-11-2020 |
| സുനിൽ കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 17-11-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Gopalakrishna Nayik (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2 |
| 3 | ട്രയൽ ബാലൻസിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 27-09-2021) | 1-2-1 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-2 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ആസ്തികളുടെ തേയ്മാനം, പെൻഷൻ തുകകൾ എന്നിവ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-3 |
| 6 | സംയുക്ത പദ്ധതികൾക്കായുള്ള വരുമാനം- വിശദ വിവരങ്ങൾ ഇല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-4 |
| 7 | മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-5 |
| 8 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-6 |
| 9 | ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-7 |
| 10 | KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-8 |
| 11 | ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതത്തിന്റെ കണക്കുകളിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-9 |
| 12 | കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-10 |
| 13 | ശുചിത്വ മിഷൻ ഫണ്ടിന്റെ കണക്കിൽ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-11 |
| 14 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-12 |

| | | |
|---|---|---|
| 15 | ജേണൽ എൻട്രികൾ ആധികാരികമല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-13 |
| 16 | അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-2-14 |
| 17 | സാമ്പത്തിക വിശകലനം<br>Written By: Vinod Kumar. V (Asst. Audit Officer, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-10-2021) | 1-3 |
| 18 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 1-4 |
| 19 | പദ്ധതി അവലോകനം<br>Written By: Sunilkumar. M (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 23-09-2021) | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Janardanan C (Senior Grade Auditor, On 20-09-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 20-09-2021) | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം<br>Written By: Gopalakrishna Nayik (Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-9 |
| 24 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 22-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 1-10 |
| 25 | ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തുനികുതി ചുമത്തി- വസ്തുനികുതിയിനത്തിൽ നഷ്ടം<br>Written By: Janardanan C (Senior Grade Auditor, On 28-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 1-11 |
| 26 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-12 |
| 27 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-13 |
| 28 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | 1-14 |
| 29 | കുടുംബശ്രീ മൈക്രോ എന്ററർപ്രൈസസ് ഹാൾ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി നടത്തിപ്പിലെ അപാകത.<br>Written By: Sunilkumar. M (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-15 |
| 30 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 25-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 1-16 |
| 31 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-17 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-10-2021) | |
| 32 | ഭവനം വാസയോഗ്യമാക്കൽ(എസ്.സി.പി) -പൂർത്തീകരിക്കാത്ത ഭവനങ്ങൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 05-10-2021) | 1-18 |
| 33 | ടി ആർ 7എ) ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-09-2021) | 1-19 |
| 34 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-11-2021) | 1-20 |
| 35 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-09-2021) | 1-21 |
| 36 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 11-11-2021) | 1-22 |
| 37 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-09-2021) | 1-23 |
| 38 | ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-11-2021) | 1-24 |
| 39 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Gopalakrishna Nayik (Audit Officer, On 28-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-11-2021) | 1-25 |
| 40 | ബഡഗമൂലെ സിംഗിൾ ഫേസ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി-പൂർത്തീകരിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 22-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 22-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Sunilkumar. M (Senior Grade Auditor, On 22-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 22-09-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 19-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 19-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar. M (Senior Grade Auditor, On 22-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 22-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Gopalakrishna Nayik (Audit Officer, On 09-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 09-09-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 28-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം നം, തിയതി | 1(2) Dated 30-03-2020 | 1/1 Dated 25-02-2021 |
| മുന്നിരിപ്പ് | 11827402 | 31888477 |
| വരവ് | 271986006 | 243462514 |
| ആകെ | 283813408 | 275350991 |
| ചെലവ് | 267415706 | 249340742 |
| നീക്കിയിരിപ്പ് | 16397702 | 26010249 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ട്രയൽ ബാലൻസിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ട്രയൽ ബാലൻസ് തെറ്റാണ്. മിക്ക അക്കൗണ്ടുകളുടെയും നീക്കിയിരിപ്പിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകയുള്ളതായാണ് ട്രയൽ ബാലൻസിൽ ഉള്ളത്.

### 1-2-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതയുണ്ട്. 01.04.2020 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2021 ലെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (-) 4,22,28,325 രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 3,79,40,650 രൂപയുടെ കുറവ് ഉണ്ടായതായാണ് കാണിച്ചിട്ടുള്ളത്.

### 1-2-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ആസ്തികളുടെ തേയ്മാനം, പെൻഷൻ തുകകൾ എന്നിവ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി., ടി.എസ്.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഫണ്ടുകളിൽ നിന്നും 312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2021 ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ തുകകൾ വരുമാനമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് ആധാരമാക്കിയ സാക്ഷ്യപ്പെടുത്തിയ DBT സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-2-4 സംയുക്ത പദ്ധതികൾക്കായുള്ള വരുമാനം- വിശദ വിവരങ്ങൾ ഇല്ല.**

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച കോൺട്രിബ്യൂഷന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് എന്നീ രേഖകളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിക്കാണുന്നു. ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്ന കുറിപ്പുകൾ ധനകാര്യ പത്രികയ്ക്കൊപ്പം ലഭ്യമാക്കിയിട്ടില്ല.

| ഇനം | ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് |
|---|---|---|
| 160300101- Contributions Towards Joint Venture Projects- District Panchayat | 3,07,301 | 87,301 |
| 160300102- Contributions Towards Joint Venture Projects- Block Panchayat | 55,95,438 | 47,90,049 |

**1-2-5 മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല**

31.03.2021 ലെ ബാലൻസ് ഷീറ്റിൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ ബാക്കിയുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 320700104 | Contributions For Joint Venture- Capital Expenditre- From Block Panchayats | 66,638 |
| 320700105 | Contributions For Joint Venture- Capital Expenditre- From District Panchayats | 16,23,450 |
| 320700204 | Contributions For Joint Venture- Revenue Expenditre- From Block Panchayats | 16,73,150 |
| 320700205 | Contributions For Joint Venture- Revenue Expenditre- From District Panchayats | 7,14,618 |
| 320700405 | Contributions For Joint Venture- Other Specific Expenses- From District Panchayats | 17,75,000 |
| | | 58,52,856 |

എന്നാൽ, സംയുക്ത പദ്ധതികൾക്കുള്ള വിഹിതങ്ങൾ കൈകാര്യം ചെയ്യുന്ന ട്രഷറിയിലെ ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ 31.03.2021 ന് 10,18,750/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ, ഈ അക്കൗണ്ടിൽ നിന്നും 31.03.2021 ന് 1,49,85,019/- രൂപ സർക്കാർ താത്കാലികമായി തിരിച്ചെടുത്തിട്ടുണ്ട്. അതു കൊണ്ട് 31.03.2021 ലെ ഈ അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് 1,60,03,769/- രൂപയാണ്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ എന്ന വകയിലെ ബാദ്ധ്യത തുകയും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ഇതിന് വിശദീകരണം നൽകിയിട്ടില്ല.

**1-2-6 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ**

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും വെറ്റിനറി സർജനും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

**1-2-7 ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല**

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320800299- Donations To Flood എന്ന കണക്കിൽ 31,678/- രൂപയും 320800202 – Donations Related To Pandemic / Epidemic Control എന്ന ഹെഡിൽ 26,271/- രൂപയും നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക സമയത്ത് അടക്കാതിരിക്കുന്നത് ശരിയല്ല.

**1-2-8 KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ**

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loan-Loan From KURDFC എന്ന ഹെഡിൽ 4,66,60,820/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ കണക്കിൽ 28.02.2020 ലെ 11902090026 പ്രകാരം കാനറാ ബാങ്ക് അക്കൗണ്ടിൽ വരവു വന്ന 61,36,755/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന വിഹിതം ആണ്. 31.03.2021 ലെ യഥാർത്ഥ ലോൺ ബാദ്ധ്യത 4,05,24,065/- രൂപ മാത്രമാണ്.

**1-2-9 ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതത്തിന്റെ കണക്കുകളിൽ പിശക്**

ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതത്തിന്റെ കണക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 320300199- Grants, Funds, Contributions For Specific Purposes- Other Govt.Agencies എന്ന ഹെഡിൽ ആണ്. 2020-21 ൽ ഈയിനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചത് 38,80,000/- രൂപയാണ്. ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 31.03.2021 ലെ 42000297 നമ്പർ ജേണൽ മുഖേന രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് 45,60,000/- രൂപയാണ്. കാനറാ ബാങ്ക് അക്കൗണ്ടിൽ KURDFC ലോൺ ഇനത്തിൽ വരവു വന്ന രണ്ടു തുകകൾ തെറ്റായി സംസ്ഥാന സർക്കാർ വിഹിതമായി കണക്കാക്കിയിട്ടുണ്ട്. 1.03.2021 ലെ 42000289, 42000290 എന്നീ ജേണലുകൾ പ്രകാരം യഥാക്രമം 3,20,000/- രൂപയും 3,80,000/- രൂപയുമാണ് സംസ്ഥാന സർക്കാർ വിഹിതമായി കണക്കാക്കിയത്. ഈ തുകകൾ ഉൾപ്പെടെ ചെലവഴിച്ചതായി കണക്കാക്കിയാണ് 31.03.2021 ലെ 42000297 നമ്പർ ജേണൽ മുഖേന 45,60,000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതായും 20,000/- രൂപ സംസ്ഥാന സർക്കാർ വിഹിതം ബാക്കി നിൽക്കുന്നതുമായും കണക്ക് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-2-10 കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ അപാകതകൾ**

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800101-Liability In Respect Of Stale Cheques എന്ന കണക്കിൽ 32,750/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ, വിതരണം ചെയ്തതിൽ ക്യാഷ് ആവാത്ത ചെക്കുകൾ Stale Cheques എന്ന കണക്കിൽ പെടുത്തുന്നതിന് മുമ്പ് തന്നെ Stale Cheque എന്ന കണക്കിൽ നിന്നും പുതിയ ചെക്കുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിക്കാണുന്നു.

14.07.2020 ലെ പേമെന്റ് വൗച്ചർ നം 220002155 പ്രകാരം 9,600/- രൂപയുടെ Stale Cheque നം 2757802 നമ്പർ പേമെന്റ് വൗച്ചർ പ്രകാരം 1,50,000/- രൂപയുടെ Stale Cheque നം പകരം 2757801, 2757802 എന്നീ പുതിയ ചെക്കുകൾ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകൾക്കുള്ള ചെക്കുകൾ Stale Cheque കളുടെ കണക്കിൽ പെടുത്തിയിരുന്നില്ല. ഈ തുകകയ്ക്കുള്ള ചെക്കുകൾ Stale Cheque കളുടെ കണക്കിൽ പെടുത്തിയത് 14.11.2020 ന മാത്രമാണ്. 17.09.2020 ലെ പേമെന്റ് വൗച്ചർ നം. 22000422 പ്രകാരം 13,946/- രൂപയുടെ Stale Cheque ന പകരം പുതിയ ചെക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള ചെക്ക് കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ പെടുത്തിയത് 14.11.2020 ന മാത്രമാണ്.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800199-Other Creditors എന്ന കണക്കിൽ 22,576/- രൂപ ചേർത്തിട്ടുണ്ട്. 26.04.2018 ലെ 118020900034 എന്ന രശീതി വൗച്ചർ പ്രകാരമുള്ള 20,000/- രൂപ ഈ കണക്കിലാണ് പെടുത്തിയിട്ടുള്ളത്. 25.04.2018 ന് കാനറാ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തിരിച്ചറിയാനാവാത്ത തുക എന്ന നാരേഷനാണ് ഈ വരവിന് രേഖപ്പെടുത്തിക്കാണുന്നത്. ബാങ്ക് അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ തിരിച്ചറിയാനാവാത്ത കണക്കുകളിൽ പെടുത്തുന്നത് ശരിയല്ല.

### 1-2-11 ശുചിത്വ മിഷൻ ഫണ്ടിന്റെ കണക്കിൽ അപാകതകൾ

160100715- Grants From Suchitwa Mission എന്ന വരുമാനക്കണക്കിൽ 2020-21 വർഷം 12,68,082/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം. 0223/21 അജൈവ മാലിന്യ സംഭരണ കേന്ദ്രം എന്ന പ്രോജക്ടിന്റെ ചെലവാണ് ഈ കണക്കിൽ പെടുത്തിയത്. എന്നാൽ 320200322 - Grants From Suchitwa Mission എന്ന ബാദ്ധ്യതാ കണക്കിൽ ഈ ചെലവ് പെടുത്തിയിട്ടില്ല. 320200322 – Grants From Suchitwa Mission എന്ന കണക്കിൽ 2019-20, 2020-21 വർഷം ചെലവുകളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

### 1-2-12 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) 75,442/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-13 ജേണൽ എൻട്രികൾ ആധികാരികമല്ല.

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

### 1-2-14 അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ

**സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

**അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.**

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

**<u>സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

**<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല.</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ആം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**<u>പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**<u>1-3 സാമ്പത്തിക വിശകലനം</u>**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 4.92.17,170 |
| വരവ് | 11,28,93,403 |
| ആകെ | 16,21,10,573 |
| ചെലവ് | 15,51,21,728 |
| നീക്കിയിരിപ്പ് | 69,88,845 |

**<u>1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം</u>**

<u>A) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയി രിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 23075000 | 23075000 | 23015230 | 59770 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 0 | 9454000 | 9454000 | 9451515 | 2485 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 7333000 | 7333000 | 6613036 | 719964 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 18597000 | 18597000 | 18534483 | 62517 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7459000 | 7459000 | 4623694 | 2835306 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് | 0 | 8410000 | 8410000 | 8123892 | 286108 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് | 0 | 8410000 | 8410000 | 2736246 | 5673754 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹5521588/- (ജനറൽ), ₹395648/- (ടി.എസ്.പി) ₹395568/- എസ്.സി.പി എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

<u>B).ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം</u>

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | | 0 | 17493642 | 17493642 | 17493642 | 0 |
| വികസന ഫണ്ട് എസ്.സി.പി. | | 0 | 9055947 | 9055947 | 9055947 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | | 0 | 6217389 | 6217389 | 6217389 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 18534483 | 18534483 | 18534483 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 0 | 4548252 | 4548252 | 4548252 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് | | 0 | 8123892 | 8123892 | 8123892 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് | | | 2736246 | 2736246 | 2736246 | |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 0 | 0 | 0 | 0 |
| വിവാഹ ധന സഹായം | | 0 | 660000 | 660000 | 660000 | 0 |
| തൊഴിലുറപ്പ് -100 ദിന ഇൻസെന്റീവ് | | 0 | 121000 | 121000 | 121000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | | 0 | 15320604 | 15320604 | 15320604 | |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | | 2547177 | 4790049 | 7337266 | 5595438 | 1741338 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | | 4416978 | 87301 | 4504279 | 391211 | 4113068 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| തൊഴിലുറപ്പ് | കൂലി | 0 | 29063677 | 29063677 | 29063677 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |
| | ഭരണ ചെലവ് | 350757 | 797791 | 1148548 | 1127138 | 21410 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | | 4270621 | 2666036 | 69366657 | 3579411 | 3357246 |
| ടോട്ടൽ സാനിറ്റേഷൻ | | 1966363 | 0 | 1966363 | 410896 | 1555467 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | | 0 | 3880000 | 3880000 | 3880000 | 0 |
| ശുചിത്വ മിഷൻ | | 618429 | 3612188 | 4231617 | 0 | 4231617 |
| ദുരിതാശ്വാസ നിധി | | 11500 | 0 | 11500 | 0 | 11500 |
| ഗുണഭോക്തൃ വിഹിതം | | 103450 | 65875 | 169325 | 138575 | 30750 |

മേൽ വരവ് ചെലവുകൾ കൂടാതെ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 15320604/- രൂപ വരുമാനമുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 169664588 | 194 | 97132618 | 0 | 98 | 66.4% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 16050922 | 13 | 11653762 | 72.6% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 4899050 | 2 | 1185548 | 24.2% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 183 | 64250669 | 123 | 40360816 | 62.8% |
| 4 | കൃഷി ഓഫീസർ | 14 | 6566899 | 14 | 5079740 | 77.4% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 7 | 49519325 | 7 | 22546070 | 45.5% |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 4 | 670000 | 0 | 0 | 0% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 11425443 | 5 | 6331156 | 55.4% |
| 7 | വെറ്ററിനറി സർജ്ജൻ | 7 | 3187321 | 7 | 1316188 | 41.3% |
| 8 | മെഡിക്കൽ ഓഫീസർ - | 2 | 750000 | 2 | 750000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവ്വേദം | | | | | |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 6 | 1663005 | 5 | 707924 | 42.6% |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 250000 | 1 | 250000 | 100% |
| 11 | പ്രധാനാധ്യാപകൻ | 14 | 5862821 | 13 | 5699277 | 97.2% |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2232133 | 2 | 1252137 | 56% |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 2337000 | 0 | 0 | 0% |
| | ആകെ | 292 | 169664588 | 194 | 97132618 | 57.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 350757 | 797791 | 1148548 | 1127138 | 21410 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29063677 | 29063677 | 29063677 | 0 |
| ആകെ | 350757 | 29861468 | 30212225 | 30190815 | 21410 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 15.34 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 161പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്, വിവിധ പദ്ധതികളിലായി ആകെ 97044 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 212 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2217600 | 888 |
| വിധവാപെൻഷൻ | 20595900 | 7644 |
| വാർദ്ധക്യകാലപെൻഷൻ | 29489000 | 11745 |
| വികലാംഗപെൻഷൻ | 5600900 | 2193 |
| അവിവാഹിതകളായ 50 വയസ്സിനമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 563700 | 204 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 660000 | 22 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 20,827/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൽ പലതും ദീർഘകാലമായി ഒഴിഞ്ഞു കിടന്നിരുന്നു. ജീവനക്കാരുടെ കുറവും ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ചെറിയ കാലയളവിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തശേഷം മറ്റ് ഗ്രാമ പഞ്ചായത്തുകളിലേക്ക് സ്ഥലം മാറി പോകുന്നതും ഓഫീസ് പ്രവർത്തനത്തെയും പദ്ധതി നിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്. 01.08.2018 ലെ ഉത്തരവ് നം എസ്.സി-2 / 5251/ 2019/ എസ്.സി1 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടി ചേർക്കലുകളുണ്ടായിട്ടുണ്ട്. ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പു കൽപിക്കുന്നുണ്ട് എന്നുറപ്പു വരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു,

**1. കണക്കുകളുടെയും മറ്റു രേഖകളുടെയും സൂക്ഷിപ്പ്-**

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക, രജിസ്റ്ററുകൾ, രേഖകൾ, ഇലക്ട്രോണിക് വിവര സഞ്ചയങ്ങൾ എന്നിവ അവലോകനം നടത്തിയതിൽ കണക്കു സൂക്ഷിപ്പിൽ പേരായ്മകൾ കണ്ടെത്തിയിട്ടുണ്ട്. 2019-20, 2020-21 വർഷത്തെ വാർഷിക കണക്കുകളിൽ അപാകതകൾ ഉള്ളതിനാൽ പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ, ധനകാര്യ സ്ഥിതി, വരവു ചെലവുകൾ എന്നിവയെ ശരിയായി പ്രതിഫലിപ്പിക്കാത്തതുമാണ്. വിവിധ പണമിടപാടുകളെ തിരിച്ചറിയാനാവാത്ത വിധത്തിൽ സാംഖ്യയിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ വ്യാപകമായ തിരുത്തലുകൾക്കും മാറ്റങ്ങൾക്കും വിധേയമാക്കിയതായും പഞ്ചായത്തിന്റെ ധനസ്ഥിതി, ആസ്തി ബാദ്ധ്യതാ സ്ഥിതി എന്നിവയെ മാറ്റിമറിക്കും വിധം യാതൊരു ആധികാരികതയുമില്ലാതെ തിരുത്തൽ എൻട്രികളും ജേണൽ എൻട്രികളും നടത്തിയിട്ടുണ്ട്. ചില ഇടപാടുകൾ കണക്കിൽ പെടാത്തതായും, കണക്കിൽ യഥാർത്ഥത്തിൽ നടക്കാത്ത ചില ഇടപാടുകൾ ഉൾപ്പെട്ടതായും കാണുന്നു. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിൽ ദിനം പ്രതിയും പ്രതിമാസവും വാർഷികവുമായി നടത്താൻ നിർദേശിച്ചിട്ടുള്ള പ്രക്രിയകൾ യഥാസമയം നടത്താത്തതായും ഇടപാടുകൾ നടക്കുന്ന സമയം തന്നെ അവ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽ പെട്ടു. സാംഖ്യയിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ സാംഖ്യ വെബ്, സഞ്ചയ, സുലേഖ തുടങ്ങിയ മറ്റു ഇലക്ട്രോണിക് വിവര സങ്കേതങ്ങളിലെ കണക്കുകളുമായി പൊരുത്തപ്പെടുകയും ചെയ്യുന്നില്ല.

സോഫ്റ്റ് വെയറുകളിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾക്ക് ഉപോദ്ബലകമായി മാന്വൽ ആയി സൂക്ഷിച്ചു വരുന്ന രേഖകകളും അപൂർണങ്ങളും അവ്യക്തങ്ങളുമാണെന്ന് കാണുന്നു. അക്രൂവൽ വരുമാനം രേഖപ്പെടുത്തിയ ഇനങ്ങളുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർണമല്ല. ഒരു രജിസ്റ്ററും ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി ഡി.സി.ബി. സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഋണ ശീർഷങ്ങളിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ രജിസ്റ്ററുകളും പൂർണമല്ല. കൂടാതെ ദൈനം ദിന പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട ഇൻവേർഡ് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്ററുകൾ, ഡെസ്പാച്ച് രജിസ്റ്ററുകൾ, വിവരാവകാശം,

സേവനാവകാശം എന്നിവയുടെ ഭാഗമായുള്ള രജിസ്റ്ററുകൾ എന്നിവയും യഥാവിധി എഴുതിക്കാണുന്നില്ല. നിർവഹണ ഉദ്യോഗസ്ഥരിൽ പലരും ടി.ആർ. 7 A മാതൃകയിലുള്ള ക്യാഷ്ബുക്കുകൾ എഴുതിയിട്ടില്ല.

കണക്കുകൾ മറ്റു രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് പൂർണ പരാജയം ആണെന്നാണ് ഓഡിറ്റിൽ വിലയിരുത്തിയിട്ടുള്ളത്. അടിയന്തിരമായി ഈ അപാകതകൾ പരിഹരിക്കുന്നതിന് ഉപയുക്തമായ രീതിയിൽ ഓഫീസ് ഉത്തരവുകൾ പുന:ക്രമീകരിക്കേണ്ടതാണ്. പണമിടപാടുകളും കത്തിടപാടുകളും ആദ്യാവസാനം നിരീക്ഷിക്കാവുന്ന തരത്തിലും ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവചിക്കുന്ന തരത്തിലും ഓഫീസ് ജോലി വിഭജനം പുന: ക്രമീകരിക്കേണ്ടതാണ്. അക്കൗണ്ട് ചട്ടങ്ങളും ഓഫീസ് നടപടിക്രമങ്ങളും നിർബന്ധമായും നടപ്പിൽ വരുത്തേണ്ടതുമാണ്.

2. പദ്ധതി നിർവഹണത്തിലെ വീഴ്ച, ചെലവിലെ കുറവ്-

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീയിനങ്ങളിൽ സർക്കാർ പഞ്ചായത്തിന് അനുവദിച്ച തുകയിൽ കേവലം 60%- ൽ താഴെ തുക മാത്രമേ തൻവർഷം വിനിയോഗിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പദ്ധതി നിർവഹണത്തിൽ വന്ന പോരായ്മ മൂലം ആകെ രൂപീകരിച്ച 292 പ്രോജക്ടുകളിൽ 98 എണ്ണത്തിന് തൻവർഷം തുക ചെലവഴിക്കാൻ പഞ്ചായത്തിന് സാധിക്കാതെ വന്നിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വെറ്റിനറി സർജ്ജൻ, മെഡിക്കൽ ഓഫീസർ – പി.എച്ച്.സി., അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവഹണ ഉദ്യോഗസ്ഥന്മാരുടെ പദ്ധതി ചെലവ് വളരെ കുറവാണ്. ഇപ്രകാരം തുക ചെലവഴിക്കുവാൻ കുറവ് വരാനുണ്ടായ കാര്യങ്ങൾ പരിശോധിക്കേണ്ടതും ഭാവിയിൽ പദ്ധതി നിർവഹണത്തിലും പദ്ധതി തുക ചെലവഴിക്കുന്നതിലും പുരോഗതി കൈവരിക്കുന്നത് ആവശ്യമായ നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതുമാണ്.

3. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, എന്നിവയുടെ പ്രവർത്തനം-

ഭരണ സമിതി മാസം തോറും യോഗം കൂടിയിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ പ്രശ്നങ്ങൾ വിശകലനം ചെയ്തതായോ പരിഹാര സാദ്ധ്യതകൾ പരിശോധിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചതായോ കാണുന്നില്ല. യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ പോരായ്മ കണ്ടെത്തി പരിഹരിക്കാൻ ശ്രമിച്ചതായോ കാണുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗങ്ങൾ ചേരുന്നുണ്ട്. എന്നാൽ കമ്മിറ്റികളുടെ നിയന്ത്രണത്തിലുള്ള വിഷയങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചതായോ ഭരണ സമിതിക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ നൽകിയതായോ കാണുന്നില്ല.

## 1-10 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപ നികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെട്ടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 10,49,743 |
| ആകെ | 10,49,743 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു.

**1-11 ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തുനികുതി ചുമത്തി- വസ്തുനികുതിയിനത്തിൽ നഷ്ടം**

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. എന്ന വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധ തരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം അസംബ്ലി, കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 30 രൂപയാണ്. എന്നാൽ താഴെ വിവരിക്കുന്ന ലോഡ്ജിംഗ് കെട്ടിടത്തിന് അവയുടെ തറ വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. കൂടാതെ പ്രഥമത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ റോഡ് സൗകര്യമുണ്ടെങ്കിൽ, വസ്തു നികുതിയിൽ വരുത്തേണ്ട 20% വർദ്ധനവും വരുത്തിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

ഉടമസ്ഥന്റെ പേര് -- ഉമറുൾ ഫാറൂഖ് ബി.എം,

കെട്ടിട നമ്പർ -- Ward No XIX-1382/ A/9 മുതൽ A/11വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം- (M2) – 375m2 (124.04m2 Lodge Area) (അസസ്സ് മെന്റ് തീയ്യതി- 17.3.2021)

| കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| Lodge Area- 124.04m2 | 124.04x5= 620.2 | 20%= 124.04 | - | 744.2 +LC | 124.04x30= 3721.2 | 20%= 744.2 | - | 4465.44+LC | 3721+LC |

മേൽ കെട്ടിടത്തിന്റെ രണ്ടാം നില ലോഡ്ജിംഗ് വിഭാഗത്തിൽപ്പെടുന്നതാണ്. മുകളിൽ വിവരിച്ച അപാകത ഓഡിറ്റ് എൻക്വയറി നം- 2 തീയ്യതി 13-09-2021 പ്രകാരം സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന കുറവ് വന്ന തുക അടവാക്കുകയും, തുടർന്നുള്ള വർഷങ്ങളിലേക്കുള്ള നികുതി 4465.44 + ലൈബ്രറിസെസ്സ് രൂപയായി പുന:ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

**1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ.**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.**

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/ ത.സ്വ.ഭ.വ. പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനം ദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തി ലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ, സാമ്പത്തിക വർഷത്തിൽ 664 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കല്ല.

**ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 3055 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു,

| ക്രമനം | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2344 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 357 |
| | 3 | 200 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 16 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 56 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 24 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 129 |
| | 2 | ഇതര വ്യവസായം | 124 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ 664 എണ്ണം മാത്രമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.**

സ.ഉ.(സാധാ)നം.2511/2017/ത.സ്വ.ഭ.വ. തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി – പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

## 1-13 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

### 1) പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി / പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 0052/20-21 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ, ബദിയടുക്ക |
| അടങ്കൽ | 7,80,000 രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 2,06,160/- രൂപ |

സ.ഉ.(സാധാ) നം. 3217/2015 / ത.സ്വ.ഭ.വ. തീയ്യതി 29.10.2015 നമ്പർ ഉത്തരവിലേയും സ.ഉ. (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തീയ്യതി 07.03.2019 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ PMC യുടെ യോഗം 2020-21 വർഷത്തിൽ ചേർന്ന വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി (P.I.C) എല്ലാമാസവും 5-ാം തീയതിക്കു മുൻപായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മറ്റിക്ക് യോഗം ചേരാം. ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ PIC

യുടെ യോഗം 2020-21 വർഷം ചേർന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രതിമാസ യോഗങ്ങൾ വീഴ്ച കൂടാതെ നടത്തി പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) <u>പാലിയേറ്റീവ് കെയർ – രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല</u>

29.10.2015 ലെ സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/20-21 തീയതി 17-09-2021)

<u>**1-14 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.**</u>

05.11.2020 ലെ ജി.ഒ.(പി)നം. 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നം. 22100142, 22100143/ 03.06.2021 (ചെക്ക് നം. 667114/ 01.06.2021) പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,60,702/- രൂപയും വൗച്ചർ നം. 22100143/03.06.2021 പ്രകാരം 7308/- രൂപയും (ചെക്ക് നമ്പർ 667114/ 01.06.2021) ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | സുനിൽ കുമാർ, അസി. സെക്രട്ടറി. | 59829/- |
| 2 | ജഗദീഷ് എം.,അക്കൗണ്ടന്റ് | 57054/- |
| 3 | ഫ്രഡ്ഡി കെ. എസ്. | 57054/- |
| 4 | റാഷിദ കെ. എ., സീനിയർ ക്ലാർക്ക് | 44733/- |
| 5 | സിബി ടി., സീനിയർ ക്ലാർക്ക് | 40,515/- |
| 6 | കണ്ണൻ ടി. സീനിയർ ക്ലാർക്ക് | 39516/- |
| 7 | വിശാഖൻ പി. വി.,ഡ്രൈവർ | 41514/- |
| 8 | ബാബു കെ. വി. ക്ലർക്ക് | 53058/- |
| 9 | മുഹമ്മദ് അഷ്റഫ് എ., ക്ലർക്ക് | 31909/- |
| 10 | സീമ ജോസഫ്, ഒ.എ. | 35520/- |
| 11 | ബി കൃഷ്ണൻ , പി.ടി.എസ്. | 7308/- |
| | ആകെ | 4,68,010/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ

ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല. 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം. 9/2020-21 തീയതി 22-09-2021).

## 1-15 കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് ഹാൾ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി നടത്തിപ്പിലെ അപാകത.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നമ്പർ - S0214/2021 ഫണ്ടിനം - വികസന ഫണ്ട്. അടങ്കൽ - 27,39,900/- രൂപ.

ചെലവ്- 26,24,792/- രൂപ (ബിൽ നം - 1/Dt 3.6.2020).

സ്ത്രീകളുടെ കാര്യക്ഷമതയും ജീവിത നിലവാരവും ഉയർത്തുന്നതിനു വേണ്ടിയും, സ്ത്രീകൾ സ്വയം പര്യാപ്തത നേടുന്നതിനും, വനിതകൾക്ക് വിവിധ പദ്ധതികളുടെ പരിശീലനങ്ങൾ നല്കുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് 2018-19 വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണ് "കുടുംബശ്രീ മൈക്രോ എന്റെർപ്രൈസസ് ഹാൾ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ". 2018-19 വർഷത്തിലോ, 2019-20 വർഷത്തിലോ പദ്ധതി ലക്ഷ്യം കണ്ടില്ല. തുടർന്ന് 2020-21 ലാണ് പ്രവൃത്തി നടപ്പിലാക്കിയത്. ആകെ 27,39,900/- രൂപ അടങ്കലായാണ് പ്രൊജക്ട് രൂപീകരിച്ചത്. ഈ പ്രവൃത്തി ചെയ്യുന്നതിനു വേണ്ടിയുള്ള നോഡൽ ഏജൻസിയായി സിഡ്കോയെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് സിഡ്കോ മാനേജരുടെ 28.01.2019-ലെ SMC/KSD/ GNL/ 2018-19 കത്ത് പ്രകാരം മേൽ പ്രവർത്തിക്കു വേണ്ട Detailed Estimate ഉം, പ്രൊഫോർമ ഇൻവോയ്സും ( നം 246, 247, 248, 249, & 250 തീയ്യതി. 18.1.2019 പ്രകാരം) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയിരുന്നു, ഈ Detailed Estimate ഉം പ്രൊഫോർമ ഇൻവോയ്സും പ്രകാരം ചെയ്യേണ്ട പ്രവർത്തികളുടെ വിവരം താഴെ കൊടുക്കുന്നു,

| Proforma Invoice 246 Dated 18-01-2019 | |
|---|---|
| 1 | ***Teak Wood Dais Table- 360cmx60cmx78cm*** |
| | Dais Table, Three Sides Covering, Made Of Teakwood Legs And Frame Work. Frame Inside With Rub Wood Panels Having Molding Works. Inner With One Shelf And One Foot Rest. Table Top With 18mm Rub Wood (A+A) Sheets With Thickening And Molding Designing Works. Good Quality Semi Matt Finished Spray Polish<br>1No X 52000 = 52000.00 |
| 2 | ***Hard Wood Platform With Velvet- 500x200x25cm :*** |
| | Supply And Laying With 12mm Chequred Plywood With Carpet-1No X 40000= 40000.00 |
| 3 | ***File Wall Cabinet With Door And Lock - 94cmx90cmx60cm-15nos(30 Doors)*** |
| | With 18mm A+ A Grade Rub-Wood. Frame With Teak Wood And Inside With Rub-Wood A+ A Grade Door Works. Fitted With Auto Closer Stainless Steel Hinges, Best Quality Locks And Handles Etc. Polish With Matt Finish.<br>15 Nos (30 Doors) X 17755 = 266325.00<br>4. Teak Wood High Back Cushion Chair 8x10836 = 86688.00<br>5. Teak Wood Jefferson Chair Plank Seat And<br>Reaper Back-Fixed Arm Plank 50 Nosx6194 = 309700.00 |

6. Teak Wood Lecture Stand120x60x40cm 1No. 14176.00

768889.00

GST 18% 138400.00

907289.00

**Proforma Invoice No.247 Dated 18-01-2019**

1 ***PVC Vinyl Flooring With Filler Paneling***

Supplying And Fixing First Quality PVC Vinyl Tiles (90cm X 17cm X 3.5mm) Floor Surface Providing And With Leveling Before Fixing The Tile, Need To Apply Tile Fixing Solution On Its Surface. After That Applying The PVC Vinyl Tiles Fixing Solution On It's Surface Neatly, Tiles Are Paved On The Leveled Floor Including All Cost Labor Charges Etc...

Floor Size 1288 Sqft X Rs.205 = 264040.00

2 ***Aluminum Partition Work***

Providing And Fixing Anodized Aluminum Work For Partition With Extruded Built Up Standards. Tubular And Other Section Of Approved Make And Confirming To IS 733 And IS 1285 Anodized Transparent Or Dyed To Required Shade According To IS 1868 (Minimum Anodic Coating Of Grade AC 15),Fixed With Rawl Plugs And Screws With Fixing Clips Or With Expansion Fold Fasteners Including Necessary Filling Up Of Raps At Junctions At Top. Bottom And Sides With Required PVC/Neoprene Felt. Aluminum Section Shall Be Smooth, Rust Free, Straight And Jointed Mechanically Wherever Required Including Cleat Angle, Aluminum Snap Beading For Glazing/ Paneling, CP Bross / Steel Screws, All As Per Architectural Drawings

Total Area: 591 Sq Ft X Rs.306 = 180846.00

444886.00

GST 18% 80079.00

Total 524965.00

**Proforma Invoice No.248 Dated 18-01-2019**

***Conference Hall Wall Paneling***

(Teakwood Vinegar Wall Paneling)

1 9mm Marine Embossing Design Type Teakwood Vinyl Plywood, Insides With Hardwood Reaper Paneling With Leveling Of Wall Surface. Fitted With Proper Screw And Gums (Reaper Distance 25cm Each) After Wood Protector Chemical Spraying On The Reapers. Then 9mm Embossing Type Terracotta Design (Suitable Teakwood Vinyl And Colour) Fitted With Top Of Wooden Reaper Suitable Steel Niles, Screw And Gums. Then Top Of Paneling Surface Molding With Teakwood Reapers Designed. The Wall Paneling Top End Area Horizontally (12cm Width) Designed With Teakwood Planks.

Dimension : 1248 Sqft X Rs.336 = 419328.00

GST 18% 75479.00

Total 494807.00

**Proforma Invoice No.249 Dated 18-01-2019**

1. ***Conference Hall Gypsum Ceiling With Wall Painting***

Providing And Fixing In True Horizontal Level 600mm X 600mm. Ceiling System Manufactured Using Hot Dipped Galvanized Steel Section, Exposed Surface With Percolated Capping Main Tee Of Size 24 X 32mm. Having 0.27mm Gauge At Every 1200mm.Center Maximum And Tottery Stitched Cross Tee Of

| | |
|---|---|
| | Size 24 27mm Having 0.27mm Gauge At Every 600mm C/C And Sub Crosstie Of Size 24 X 27mm, Having 0.25mm Gauge At Every 1200mm C/C And Wall. The Above Grid Is Suspended At Size 24x27mm, Having 0.25mm Gauge At Every 1200mm C/C And Wall. The Above Grid Is Suspended At Every 1200mm C/C In Both Direction Using 2.0 Mm. Thick Pre Straighte Ned GL Wire Laying FINE FISSURED BUTT Edge Ceiling Tiles Manufactured Of Size. 600mm X 600mm X 15 Mm Having N.R.CO.55, Light Reflectance Of >84 % (WT) Thermal Conductivity K=0.052-057W/MOK, Humidity Resistance Of 99.9% Having Fire Performance CLASS O/CLASSI (BS4760), Surface Having 3 Coats Of White Paint With Fine Fissured, Back Of The Tile Duly Sanded And Finished With A 3coat Of Protective Paint. **(Asian Paints Apex Ultima Brilliant White)** Over The Formed Grid Complete<br><br>NB: Ceiling Designed With 3 Step By Step Central Step Design Shaped<br><br>Eco-Damped System: Selling Designed Areas Providing Eco-Damping Water Proof Hole Type 60 X 60 Cm Gypsum Sheet. All Over Selling Insides Providing 7CM GLASS WOOL SHEET (For Purpose Eco-Damping In Conference Hall)<br><br>Total Area: 1470 Sqft X Rs.284= 417480.00<br><br>GST 18% 75146.00<br><br>492626.00 |
| **Proforma Invoice No.250 Dated 18-01-2019** | |
| 1 | ***Window Curtain Blinds Setting***<br><br>Total Area: 175 Sqft X 180 = 31500.00 |
| 2 | ***Front Door And Door Frame Anjili Wood Door Frame:***<br><br>Supply And Fixing New Anjily Wood Of Size 210cm X 120cm<br><br>Removing Damaged Old Door And Frame. 1No X 44000= 44000.00<br><br>Teakwood Doors: Teakwood 2 Side Opening 2 No's Doors<br><br>(Frame Size 12cm X 3.5cm)<br><br>Door Size 200cm X 50cm = 2No's<br><br>Doors Design And Molded Work, Suitable Bering Type Hinges, Best Quality<br><br>Door Look And Tower Bolt<br><br>Good Quality Semi Matt Finished Spray Polish |
| 3 | ***Side Door Frame And Door***<br><br>Size 210x110 Cm Aw Door Frame And Aw Door 1 No = 32000.00<br><br>Doors Design And Molded Work, Suitable Bering Type Hinges, Best Quality<br><br>Door Look And Tower Bolt .Good Quality Semi Matt Finished Spray Polish. |
| 4 | ***Sound Arranging System (Supply And Installation)***<br><br>27966.00<br><br>Amplifier 100 Watts -1 No<br><br>Speaker 50 Watts -2 Nos<br><br>Microphone - 2Nos<br><br>Mike Stand - 2No<br><br>Wireless Microphone -1No |
| 5 | ***Electrical Work*** 97650.00 |

233116.00

GST 18% 41962.00

Total 287638.00

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിനെ തുടർന്ന് 18.10.2019-ന് KSGD/ 2019-20/ 51 ബില്ലും, 19.10.2019-ന് KSGD/2019-20/-52, 53, 54, 55 നമ്പർ ബില്ലും സിഡ്കോ മാനേജർ നല്കുകയുണ്ടായി. തുടർന്ന് സിഡ്കോയ്ക്ക് അനുവദിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു,

| ഇൻവോയ്സ് നം | ഇനം | ചെയ്ത പ്രവൃത്തി യുടെ അളവ് | ഒരു യൂണിറ്റിന്റെ തുക | ആകെ തുക |
|---|---|---|---|---|
| KSGD/ 19-20/53 Dt 19.9.2019 | Teak Wood Veneer Wall Paneling | 1248 Sq Ft | 332 | 414336 |
| KSGD/ 19-20/55 Dt 19.9.2019 | PVC Flore Panelling With Filler Paneling | 1288 Sq Ft | 203 | 261464 |
| KSGD/ 19-20/55 Dt 19.9.2019 | Ailuminium Fabrication | 425.6 Sq Ft | 304 | 129382.4 |
| KSGD/ 19-20/52 Dt 19.9.2019 | Gypsum Roff Sealing Including Painting | 1439 Sq Ft | 280 | 402920 |
| KSGD/ 19-20/51 Dt 18.9.2019 | TW High Back Cushioned Chair | 8 Nos | 10836 | 86688 |
| KSGD/ 19-20/51 | TW Jefferson Chair | 50 Nos | 6194 | 309700 |
| KSGD/19-20/51 Dt 18.9.2019 | TW Lecturer Stand Of 120 X 60 X 40 Cm | 1 No | 14176 | 14176 |
| KSGD/19-20/51 Dt 18.9.2019 | TW Dias Table 360 Cm X 60 Cm X 78 Cm | 1 No | 52000 | 52000 |
| KSGD/19-20/51 Dt 18.9.2019 | HW Platform With Velvet 500 X 200 X 25 Cm | 1 No | 40000 | 40000 |
| KSGD/19-20/51 Dt 18.9.2019 | Wooden File Cabinet With Door And Lock | 15 Nos | 17755 | 266325 |
| KSGD/19-20/54 Dt 19.9.2019 | Window Blinds | 169.39 Sq Ft | 178 | 30147.86 |
| KSGD/19-20/54 Dt 19.9.2019 | Wooden Door And Frame 210 X 120 Cm | 1 No | 44000 | 44000 |
| KSGD/19-20/54 Dt 19.9.2019 | Aw Door Frame And Door 210 X 110 Cm | 1 No | 32000 | 32000 |
| KSGD/19-20/54 Dt 19.9.2019 | Sound System | 1 No | 27584 | 27584 |
| KSGD/19-20/54 Dt 19.9.2019 | Electrical Work | 1 No | 94984 | 94984 |
| | | | Total | **22,05,707.26** |
| | | Add SGST 9% | | 198513.65 |
| | | Add CGST 9% | | 198513.65 |
| | | Flood Cess 1% | | 22057.07 |

| | | | | |
|---|---|---|---|---|
| | | | Total | 26,24,791.63 |

കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് ഹാൾ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ പ്രവൃത്തിയിൽ പരിശോധനയിൽ കണ്ട വിവരങ്ങൾ താഴെ വിവരിക്കുന്നു,

**1).**സിഡ്കോയ്ക്ക് മേൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ 18.1.2019-ന് (Order No 0246/2018-19) നല്കിയിട്ടുണ്ട്. സിഡ്കോ മാനേജർ 28.01.2019 -നാണ് SMC/ KSD/GNL/ 2018-19 കത്ത് പ്രകാരം Detailed Estimate ഉം, പ്രൊഫോർമ ഇൻവോയ്സും പഞ്ചായത്തിന് നല്കിയത്. പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം 15.02.2019 -നാണ് ലഭിക്കുന്നത്, എന്നാൽ മേൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ 18.1.2019-ന് (Order No 0246/2018-19) നല്കിയിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരവും സിഡ്കോയുടെ Detailed Estimate ഉം ലഭ്യമാകുന്നതിനു മുൻപ് വർക്ക് ഓർഡർ നല്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

**2).**സിഡ്കോ മാനേജരുടെ 28.01.2019-ലെ SMC/KSD/GNL/ 2018-19 കത്ത് പ്രകാരം നല്കിയ Detailed Estimate ഉം, പ്രൊഫോർമ ഇൻവോയ്സും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ മറ്റ് സാങ്കേതിക വിദഗ്ധരോ പരിശോധിച്ചതിന്റെ രേഖകളില്ല. യാതൊരു പരിശോധനയും കൂടാതെ സിഡ്കോ മാനേജർ നല്കിയ പ്രൊഫോർമ ഇൻവോയ്സ് പഞ്ചായത്ത് ഭരണസമിതി (15.02.2019 – ന് ചേർന്ന ഭരണസമിതിയുടെ തീരുമാനം നം -5 പ്രകാരം) അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

**3).**ഇൻവോയ്സ് നം KSGD/19-20/51 Dt 18.9.2019 പ്രകാരം 15 എണ്ണം Wooden File Cabinet With Door And Lock- നു വേണ്ടി 2,66,325/- രൂപ (18% GST കൂടാതെ) സിഡ്കോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ മേൽ സാധനങ്ങൾ കുടുംബശ്രീ ഹാളിൽ സ്ഥാപിച്ചതായി കണ്ടില്ല.

**4).**ഇൻവോയ്സ് നം KSGD/19-20/51 Dt 18.9.2019 പ്രകാരം TW High Back Cushioned Chair 8 എണ്ണം, TW Jefferson Chair 50 എണ്ണം, TW Dias Table 360 Cm X 60cm X 78cm 1 എണ്ണം, TW Dias Table 360 Cm X 60 Cm X 78 Cm 1 എണ്ണം എന്നിവ കുടുംബശ്രീ ഹാളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തതെല്ലാം തേക്ക് മരത്തിന്റെതാണ്. എന്നാൽ ഇത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**5).**സിഡ്കോ നല്കിയ ഇൻവോയ്സ് പ്രകാരമുള്ള അളവുകളും തുകകളും യഥാർത്ഥ നിരക്കിലുള്ളതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ പഞ്ചായത്ത് സെക്രട്ടറി 28.09.2019 -ലെ SC-1-6133/19 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു, ആയതിന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 31.10.2019- (ഫയൽ നം-SC-1-704719 Dt.5.11.2019) നല്കിയ റിപ്പോർട്ടിൽ പ്രവൃത്തിയുടെ പൂർത്തീകരണം നടന്നു പോയതുകൊണ്ട് ഉപയോഗിച്ച സാധനങ്ങളുടെ നിലവാരം പരിശോധിക്കാൻ സാധിച്ചിട്ടില്ലെന്നും, സാമ്പിളുകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് നിലവാര പരിശോധനയ്ക്ക് അയക്കുന്നത് ഉചിതമായിരിക്കുമെന്നും അറിയിച്ചിരുന്നു. ഈ റിപ്പോർട്ട് പരിഗണിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

**(A).**ഇൻവോയ്സ് നം KSGD/ 19-20/53 Dt 19.9.2019 പ്രകാരം 1248 Sqft തേക്ക് മരത്തിന്റെ Veneer Wall Paneling നടത്തിയിട്ടുണ്ട്. ഇതിനായി ഒരു സ്ക്വയർ ഫീറ്റിന് 332/- രൂപ നിരക്കിൽ 414336/- രൂപ (18% GST കൂടാതെ) ചെലവഴിച്ചു. എന്നാൽ കുടുംബശ്രീ ഹാൾ പരിശോധന നടത്തിയപ്പോൾ ഈ പ്രവൃത്തിക്കായി ഉപയോഗിച്ചിരിക്കുന്ന സാമഗ്രികൾ തേക്ക് മരത്തിന്റെ Veneer തന്നെയാണെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഇത് LSGD എഞ്ചിനീയറിംഗ് വിഭാഗമോ, ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**(B).**ഇൻവോയ്സ് നം KSGD/19-20/55 Dt 19.9.2019 പ്രകാരം 1288 Sqft PVC Flore Panelling With Filler Paneling നടത്തിയിട്ടുണ്ട്. ഇതിനായി ഒരു സ്ക്വയർ ഫീറ്റിന് 203/- രൂപ നിരക്കിൽ 261464/- രൂപ (18% GST കൂടാതെ) ചെലവഴിച്ചു. എന്നാൽ കുടുംബശ്രീ ഹാൾ പരിശോധിച്ചതിൽ ഈ പ്രവൃത്തിക്കായി ഉപയോഗിച്ചിരിക്കുന്ന സാമഗ്രികൾ PVC തന്നെയാണെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഇത് LSGD എഞ്ചിനീയറിംഗ് വിഭാഗമോ, ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**6).**ഇൻവോയ്സ് നം- KSGD/19-20/ 54 Dt 19.9.2019 പ്രകാരം 94984/- രൂപയുടെ (18% GST കൂടാതെ) ഇലക്ട്രിക്ക് വർക്കുകൾ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തി PWD ഇലക്ട്രിക്കൽ വിഭാഗമോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്ക് പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിലെ ഉദ്യോഗസ്ഥരോ മേൽ നോട്ടം വഹിക്കുകയോ അളവുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 7 തീയ്യതി 22-09-2021) മറുപടി നല്കിയിട്ടില്ല. കുടുംബശ്രീ മൈക്രോ എന്റെർപ്രൈസസ് ഹാൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ഉചിതമായ ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 26,24,792 /- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**<u>1-16 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.</u>**

2020-21 വർഷം ഗ്രാമ മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം.104/21 പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2,50,000/- രൂപ(ട്രഷറിബിൽനം.01/തി.25.01.2021- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപത്തിന് നൽകിയിട്ടുണ്ട്. ഇതിൽ പെർഫോമ ഇൻവോയ്സ് നം.LF/462/തി.11.09.2020 പ്രകാരം ₹ 1,23,927/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,26,073/- രൂപയുടെ മരുന്ന് സ്ഥാപനത്തിന് ലഭിച്ചുകാണുന്നില്ല. തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി, ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-17 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.</u>**

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

<u>ലൈഫ് ഭവന പദ്ധതി – പൂർത്തീകരിക്കാത്ത ഭവനങ്ങൾ</u>

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ. നം. S0025/21, S0065/21, 0066/21 , 0283/21 എന്നിവ പ്രകാരം 2020 – 21 വർഷം 2,25,46,070/- കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 283 പേരെയാണ് അന്തിമമായി തെരഞ്ഞെടുത്തത്. 2018-19 ഭവന നിർമ്മാണമാരംഭിച്ച 283 പേരിൽ 245 പേർ നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പൂർത്തീകരിച്ച ഭവനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നൽകിയ വീട്ട് നമ്പർ രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 38 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- പട്ടിക വർഗ്ഗ വിഭാഗം – ₹6,00,000/). മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ജാനകി | 4,00,000 | 3,00,000 | 1,00,000 |
| 2 | പ്രേമ | 4,00,000 | 1,40,000 | 2,60,000 |
| 3 | മനോരമ | 4,00,000 | 40,000 | 3,60,000 |

| | | | | |
|---|---|---|---|---|
| 4 | മുഹമ്മദ് ഹനീഫ് | 4,00,000 | 2,60,000 | 1,40,000 |
| 5 | ഷാഫി സാറ | 4,00,000 | 2,60,000 | 1,40,000 |
| 6 | സമീറ | 4,00,000 | 3,00,000 | 1,00,000 |
| 7 | ജമീല | 4,00,000 | 3,20,000 | 80,000 |
| 8 | ഫാതിമ ത്താഹിറ | 4,00,000 | 3,20,000 | 80,000 |
| 9 | സുലൈക്ക | 4,00,000 | 3,20,000 | 80,000 |
| 10 | രാബിയ | 4,00,000 | 1,40,000 | 2,60,000 |
| 11 | മരിയമ്മ | 4,00,000 | 3,20,000 | 80,000 |
| 12 | ഷംഷത്ത് | 4,00,000 | 3,20,000 | 80,000 |
| 13 | സഫിയ | 4,00,000 | 3,60,000 | 40,000 |
| 14 | ഗുലാബി | 4,00,000 | 3,00,000 | 1,00,000 |
| 15 | പത്മാവതി | 4,00,000 | 3,20,000 | 80,000 |
| 16 | മൈമൂന | 4,00,000 | 40,000 | 3,60,000 |
| 17 | രഹ്ല | 4,00,000 | 40,000 | 3,60,000 |
| 18 | കവിത | 4,00,000 | 40,000 | 3,60,000 |
| 19 | ഫൗസിയ | 4,00,000 | 3,00,000 | 80,000 |
| 20 | ബീബി | 4,00,000 | 3,20,000 | 80,000 |
| 21 | നബീസ | 4,00,000 | 2,20,000 | 1,80,000 |
| 22 | ബാലമണി | 4,00,000 | 3,60,000 | 40,000 |
| 23 | ഫതിമ്മത് സൗത | 4,00,000 | 3,60,000 | 40,000 |
| 24 | ശ്രീധരൻ | 4,00,000 | 3,20,000 | 80,000 |
| 25 | ബീനമോൾ | 4,00,000 | 2,00,000 | 2,00,000 |
| 26 | പ്രമീള | 4,00,000 | 2,00,000 | 2,00,000 |
| 27 | ദൈനബി | 4,00,000 | 3,20,000 | 80,000 |
| 28 | റഷീദ | 4,00,000 | 3,20,000 | 80,000 |
| 29 | കവിത | 4,00,000 | 2,20,000 | 1,80,000 |
| 30 | ലക്ഷ്മി | 4,00,000 | 2,00,000 | 2,00,000 |
| 31 | ശാരദ (ടി.എസ് പി) | 6,00,000 | 2,20,000 | 3,80,000 |
| 32 | സഫിയ | 4,00,000 | 60,000 | 3,40,000 |
| 33 | നാഗവേണി | 4,00,000 | 3,00,000 | 1,00,000 |
| 34 | നളിനി | 4,00,000 | 2,00,000 | 2,00,000 |
| 35 | അരുണ | 4,00,000 | 3,10,000 | 90,000 |
| 36 | ദിവ്യശ്രീ | 4,00,000 | 2,20,000 | 1,80,000 |
| 37 | ഫതിമ്മത്ത് സുഹ്റ | 4,00,000 | 2,20,000 | 1,80,000 |
| 38 | ഉഷാകുമാരി | 4,00,000 | 3,00,000 | 1,00,000 |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ഭവനം വാസയോഗ്യമാക്കൽ(എസ്.സി.പി) -പൂർത്തീകരിക്കാത്ത ഭവനങ്ങൾ**

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബദിയടുക്ക,നീർച്ചാൽ സർക്കിൾ

| | |
|---|---|
| പ്രോജക്ട് നം. | S0169/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി കുടുംബങ്ങളുടെ ഭവനം വാസയോഗ്യമാക്കുന്നതിന് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ / നം. തീയതി | 02/21. തീയതി 11-01.2021 RS.5,0000/-<br>12/21. തീയതി 11.04.2021 RS.50,000/-<br>17/ തിയതി 25.03.2021 RS.50,000/-<br>ആകെ = 1,50,000/- രൂപ |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനം വാസയോഗ്യമാക്കൽ പദ്ധതിക്കായി പ്രൊജക്ട് നമ്പർ. S0169/21 പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് 16,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം താഴെപറയുന്ന ഗുണഭോക്താക്കൾ ഭവനം വാസയോഗ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. ഭവന വാസയോഗ്യമാക്കൽ ഗുണഭോക്താക്കൾക്ക് എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും, നിർമ്മാണ പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (യൂണിറ്റ് നിരക്ക് എസ്.സി - 1,00,000/-) (ഓഡിറ്റ് എൻക്വറി 5/20.09.2021)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | മംജപ്പ S/O മദന | 50,000/- | 50,000/- |
| 2 | ബാഗി W/O ഗുരുവ | 50,000/- | 50,000/- |
| 3 | കമല W/Oഐതപ്പ | 50,000/- | 50,000/- |

**1-19 ടി ആർ 7എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ**

നിർവ്വഹണ ഉദ്യോഗസ്ഥൻ തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ധനകാര്യവകുപ്പിന്റെ 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം. ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കണം. എല്ലാ നിർവഹണോദ്യോഗസ്ഥരും ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്നുറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി 5/20.09.2021)

**1-20 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വിവിധ പ്രൊജക്ടുകളിലായി 50,79,740/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം

തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി നം & പദ്ധതിയുടെ പേര്

| പ്രോജക്ട് നം & പേര് | ബിൽ നം & തിയതി | NEFTമുഖാന്തിരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| | 3/21.05.2020 | 2,03,591 | 45 |
| 0084/21 കവുങ്ങു കൃഷി ജൈവ വളം | 12/14.01.2021 | 2,69,906 | 77 |
| | 13/14.01.2021 | 2,43,826 | 77 |
| | 14/14.01.2021 | 2,51,269 | 80 |
| | 16/14/01/2021 | 2,83,548 | 89 |
| | 33/19.01.2021 | 1,14,759 | 50 |
| | 35/19.01.2021 | 70,261 | 22 |
| 0081/21 തെങ്ങു കൃഷിക്ക് ജൈവ വളം വിതരണം | 18/14.01.2021 | 2,48,514 | 140 |
| | 19/14.01.2021 | 1,10,906 | 88 |
| | 20/14.01.2021 | 205120 | 141 |
| | 30/14.01.2021 | 87,539 | 38 |
| | 34/19.01.2021 | 2,50,834 | 143 |
| 0079/21 നെൽ കൃഷിക്ക് ജൈവ വളം വിതരണം | 31/14.01.2021 | 3265 | 03 |
| | 28/14.01.2021 | 1,16,916 | 68 |
| 0070/21 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 2/21.05.2020 | 85,000 | 77 |
| 0085/21 കവുങ്ങു കൃഷി തുരിശു ചുന്നണാമ്പ് വിതരണം | 27/14.01.2021 | 1,87,390 | 170 |
| | 36/19/01/2021 | 95,881 | 78 |
| 0161/21 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 1/20.04.2020 | 85,000 | 89 |
| | 38/16.03.2020 | 85,000 | 89 |
| 0169/21 കവുങ്ങു കൃഷി ജൈവ വളം വിതണം | 3/21.05.2020 | 2,03,591 | 199 |
| 0332/21 തരിശു രഹിത ഗ്രാമം പച്ചക്കറി കൃഷി | 22/14.01/2021 | 1,01,850 | 10 |
| 0331/21 തരിശു രഹിത ഗ്രാമം നെൽ കൃഷി | 26/14.01.2021 | 2,22,300 | 15 |
| 0334/21 പയർ വർഗ്ഗ വിത്ത് വിതരണം | 32/14.01.2021 | 12,500 | 80 |
| 0333/21 വാഴകണ്ണ് വിതരണം | 21/14.01.2021 | 2,88,000 | 248 |
| 0335/21 ഫലവൃക്ഷ തൈകൾ വിതരണം | 9/29.12.2020 | 56,750 | ലഭ്യമല്ല |
| | 11/29.12.2020 | 6,750 | ലഭ്യമല്ല |
| | 10/29.12.2020 | 7,000 | ലഭ്യമല്ല |

| | | | |
|---|---|---|---|
| | 7/09.11.2020 | 7,500 | ലഭ്യമല്ല |
| | 5/09.11.2020 | 7,000 | ലഭ്യമല്ല |
| | 8/29.12.2020 | 21,250 | ലഭ്യമല്ല |
| | 37/20.01.2020 | 43,750 | ലഭ്യമല്ല |
| 0336/കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം | 6/09.11.2020 | 3,00000 | 400 |
| | 14.01.2021 | 3,00000 | 401 |
| 0069/21 നെൽകൃഷി കൂലി ചെലവ് | 25/14.01.2021 | 4,67,500 | 169 |
| | 29/14.01.2021 | 2,39,415 | 169 |

വ്യക്തിഗത അപേക്ഷകളിൽ, സബ്സിഡി ബിൽ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 08തീയ്യതി :22-09-2021).

**1-21 നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.**

2020-21 വർഷം നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി (പ്രൊ.നം.21/21) പ്രകാരം 7,06,915/- രൂപ കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ. (എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1).സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2).വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3).നടീൽ,കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നമ്പർ. 08തീയ്യതി :22-09-2021).

**1-22 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.**

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പ്രളയം, കോവിഡ് പോലെയുള്ള നേരിടുന്ന സമയമായതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിലെ കാലതാമസത്തിനു കാരണം വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/2020-21 തീയതി 22-09-2021)...

## 1-23 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 10,49,743/-രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| ക്രമ നം | പ്രൊജക്ട് നം./ പേര് | തുകനൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | നം. 0211/21 പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ – (80 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം.611 / 20.03.2019 | ആർട്ട്കോ ലിമിറ്റഡ് A/C No.67099281397 | 2,00000/- (ബിൽ നം. 1/ 08.05.2020 2,00000/ - (ബിൽ നം.9/ 29.06.2020 |
| 2 | നം. 0213/21 പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- (70 വിദ്യാർത്ഥികൾ) 1)പർച്ചേസ് ഇൻവോയ്സ് നം 611/ 19.03.20202) പർച്ചേസ് ഇൻവോയ്സ് നം 711/ 15.06.2020 | ആർട്ട്കോ ലിമിറ്റഡ് A/C No.67099281397 | 2,00000/- (ബിൽ നം 04/ 08.05.2020) 1,50,000/- (ബിൽ നം 10//15.06.2020) |
| 3 | നം. 022/21 പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട . വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- (90 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. NRO/SALE/ 154/ 24.082020 | കാഡ്കൊ (Kerala Artison Development Coporation A/C No.0808101028204 | 4,49,927/- ബിൽ നം.12/ 27.08.2020 |
| 4 | നം. 0021/21 പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - (40 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. NRO/SAL/ 154/ 24.08.2020 | കാഡ്കൊ (Kerala Artison Development Coporation A/C No.0808101028204 | 1,99,968/- ബിൽ നം. 12/27.08.2020 |
| 5 | നം. 0020/21 പട്ടിക വർഗ്ഗ വിദ്യാർത്ഥി കൾക്ക് ലാപ്പ്ടാപ്പ്- (22 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. KELTRON24021/09.03.2021 | KELTRON/A/C No.799011400003959 | 6,04,120/- ബിൽ നം.19/ 23.03.2021 |
| 6 | നം. 0019/21 പട്ടിക ജാതി വിദ്യാർത്ഥി കൾക്ക് ലാപ്പ്ടാപ്പ്- (41 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. KELTRON -24022/09.03.2021 | KELTRON/A/C No.799011400003959 | 11,25,860/- ബിൽ നം.18/ 23.03.2021 |
| 7 | പ്രൊജക്ട് നം. 18/21 സ്കൂൾ ലൈബ്രറിക്ക് ഷെൽഫ്- (30 | കാഡ്കൊ (Kerala | 2,99,988/- |

| | | | |
|---|---|---|---|
| | ഷെൽഫ്) പർച്ചേസ് ഇൻവോയ്സ് നം. 1)NRO/SALES/302/28.10.2021 2)NRO/SALES/307/28.10.2021 3)NRO/SALES/308/28.10.2021 | Artison Development Coporation A/CNo.0808101028204 | ബിൽ നം.13/16.12.2020 |
| 8 | പ്രൊജക്ട് നം. 132/21 തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് കമ്പ്യൂട്ടർ നൽകൽ ഇൻവോയ്സ് നം. KELTRON 11886/09.03.2021 | KELTRON/A/C No. 799011400003959 | 30,527/-ബിൽ നം.17/12.03.2021 |

<u>ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെകൊടുക്കുന്നു.</u>

**1)** ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും പരസ്യമാക്കേണ്ടതാണ്. മേൽ കാണിച്ച പദ്ധതികൾ ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**2)** മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

**3)** ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വകുപ്പ് എന്നിവയിൽ നിന്നും മേശയും കസേരയും /ലാപ്പ് ടാപ്പ് ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം (പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പ് ഓഫീസറിൽ നിന്നുള്ളത്) പരിശോധനയ്ക്ക് ഹാജരാക്കിയില്ല . ഗുണഭോക്താക്കൾ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല .

8))പ്രൊജക്ട് നം.0019/21 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - (41 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. KELTRON – 24022/ 09.03.2021 പ്രകാരം 11,25,860/- രൂപ (ബിൽ നം. 18/23.03.2021) നൽകിയതാണ്. സ്ഥാപനം ലാപ്പ്ടോപ്പ് ഇറക്കിയത് 09.09.2021 തീയതിക്കാണ്.

9)പദ്ധതി നം.0132/21 തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് കമ്പ്യൂട്ടർ നൽകുന്നതിനായി -ഇൻവോയ്സ് നം. KELTRON 11886/09.03.2021 ബിൽ നം.17/12.03.2021 പ്രകാരം 30,527/-രൂപ 799011400003959 അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം നാളിതുവരെ Desk Top-Itel Processor- Medium End Ubundu Computer ലഭ്യമാക്കിയിട്ടില്ല. Ubundu Computer ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കമ്പ്യൂട്ടറും, വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി തീരുമാനം, കമ്പ്യൂട്ടറും, പ്രിന്ററും, യു,പി.എസും ഗുണനിലവാരം പരിശോധിച്ചത്, വർക്ക് ഓർഡർ നൽകിയത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വറി 4/20.09.2021).

**<u>1-25 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ</u>**

**അപാകതകൾ**

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 13 പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നത്, എന്നാൽ ഇതിൽ 2 പദ്ധതികൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും, താഴെ വിവരിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്, എന്നാൽ 2020-21 -ൽ തുക ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവു വിവരങ്ങൾ | പ്രോജക്ട് പ്രകാരം നടത്തിയ പ്രവൃത്തികൾ |
|---|---|---|---|
| 1 | പ്രോജക്ട് നം S0205/2021- വിവിധ എസ്.ടി കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ<br>അടങ്കൽ- 8 ലക്ഷം രൂപ (എസ്.ടി.എസ്.പിഫണ്ട്)<br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി | ചെലവു നടത്തിയില്ല. | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, ന്റെ ഇൻവോയ്സ് നം OLR/2018-19/291, തിയതി 30.01.2019 (തുക- 7,74,760 രൂപ) പ്രകാരം 250 എണ്ണം 24 വാട്ട് എൽ.ഇ.ഡി ലൈറ്റുകളും സർവീസ് വയർ, ക്ലാംപ്, നട്ട്/ബോൾട്ട് എന്നിവ ബദിയടുക്ക പഞ്ചായത്തിൽ ഡെലിവർ ചെയ്തിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ 250 ലാമ്പുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതായി വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>വാർഡ് നം എണ്ണം<br>17 7<br>9 26<br>2 29<br>13 33<br>14 15<br>15 84<br>19 32<br>1 12<br>5 12<br>ആകെ 250 എണ്ണം<br>വാർഡ് 2 ൽ സ്ഥാപിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വിളക്കുകൾ പ്രാദേശികമായി പരിശോധിച്ചു. സാക്ഷ്യപത്രം പ്രകാരം 29 വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർത്ത പ്രകാരം 11 എണ്ണം മാത്രമേ വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്<br>മാടത്തടുക്ക എസ്.ടി കോളനി- 4 എണ്ണം<br>മൈക്കുറി എസ്.ടി കോളനി റോഡ് ജംക്ഷൻ- 2 എണ്ണം<br>മൈക്കുറി എസ്.ടി കോളനി- 5 എണ്ണം<br>ആകെ- 11 എണ്ണം |

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ എസ്.ടി.എസ്.പി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഈ പ്രോജക്റ്റിലെ 3 വിളക്കുകൾ കാണ്ടിഗെ എസ്.സി കോളനിയിൽ സ്ഥാപിച്ചതായി വാർഡ് മെമ്പർ അറിയിച്ചു. സ്ഥല പരിശോധനയിൽ കാണ്ടിഗെ എസ്.സി കോളനിയിൽ 3 വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.<br><br>15 വിളക്കുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br>വാർഡ് 1 ൽ സ്ഥാപിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള 12 വിളക്കുകളിൽ 10 എണ്ണം മാത്രമേ വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്. (ബന്ത്രടുക്ക എസ്.ടി കോളനിയിൽ ബേള-കിളിങ്കാർ റോഡരികിൽ 5 എണ്ണവും ബന്ത്രടുക്ക റാംനഗർ റോഡരികിൽ 5 എണ്ണവും). 2 വിളക്കുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. സിഡ്കോയുടെ ഇൻവോയ്സ് പ്രകാരം ഒരു വിളക്കിന് എല്ലാ നികുതി കളുമടക്കം 3099.04 രൂപയാണ് ചെലവ്. വിളക്കുകൾ സ്ഥാപിച്ചത് എവിടെയെന്ന് രേഖകൾ ലഭ്യമല്ലാത്തതിനാലും ഇത് ആധികാരികമായി കാണിച്ചു തരാൻ പഞ്ചായത്തിന് സാധിക്കാത്ത തിനാലും മറ്റു വാർഡുകളിൽ സ്ഥാപി ച്ചിട്ടുള്ള വിളക്കുകളുടെ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. |
| 2 | പ്രോജക്റ്റ് നം S0204/2021- വിവിധ എസ്.ടി കോളനികളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ<br><br>അടങ്കൽ- 3 ലക്ഷം രൂപ (എസ്.ടി.എസ്.പി ഫണ്ട്)<br><br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി | ചെലവു നടത്തിയിട്ടില്ല. | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, ന്റെ ഇൻവോയ്സ് നം OLR/2018-19/265, തിയതി 15.01.2019 (തുക- 2,96,000 രൂപ) പ്രകാരം 4 എണ്ണം 200 വാട്ട് സോളാർ സ്ട്രീറ്റ് ലൈറ്റുകളും 5 മീറ്റർ നീളമുള്ള ജി.ഐ തൂണും ബദിയടുക്ക പഞ്ചായത്തിൽ ഡെലിവർ ചെയ്തിട്ടുണ്ട്. ഈ സാമഗ്രികൾ ചുവടെ ചേർത്ത പ്രകാരം സ്ഥാപിച്ചിട്ടുണ്ട് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br><br>1. വാർഡ് നം.17- ഓണിയടുക്ക (വിളക്ക് സ്ഥാപിച്ചിരിക്കുന്ന സ്ഥലം പട്ടികവർഗ കോളനിയിലോ കോളനിയുടെ സമീപ പ്രദേശത്തോ അല്ല എന്ന് സ്ഥല പരിശോധനയിൽ കാണുന്നു.)<br><br>2. വാർഡ് നം.17- ഓണിയടുക്ക (പട്ടികവർഗ കോളനിയുടെ സമീപത്തു കൂടി കടന്നു പോകുന്ന മൺറോഡിനു സമീപത്ത് സ്ഥാപിച്ചതായി കാണുന്നു. വിളക്കിന് വെട്ടം കുറവാണെന്നും |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് ഒരു ദിവസം മാത്രമേ ശരിയായി പ്രവർത്തിച്ചിരുന്നുള്ളൂ എന്നും കോളനിയിലെ താമസക്കാരൻ അറിയിച്ചു.)<br>3.വാർഡ് നം.17- പുതുക്കോളി (പട്ടിക വർഗ കോളനിയുടെ സമീപത്തു കൂടി കടന്നു പോകുന്ന റോഡിനു സമീപത്ത് സ്ഥാപിച്ചതായി കാണുന്നു. വിളക്കിന് വെട്ടം കുറവാണെന്ന് കോളനിയിലെ താമസക്കാരൻ അറിയിച്ചു.)<br>4. വാർഡ് നം 16- പുതുക്കോളി (പട്ടികവർഗ കോളനിയിൽ നിന്നും സുമാർ 100 മീറ്റർ ദൂരത്ത് പ്രവർത്തിക്കുന്ന ചെങ്കൽ പണയുടെ മതിലിനോട് ചേർന്ന് സ്ഥാപിച്ചതായി കാണുന്നു.) |
| 3 | പ്രോജക്ട് നം S0203/2021- ചെടേക്കാൽ എസ്.സി കോളനിയിൽ മിനി മാസ്റ്റ് ലൈറ്റ്<br>അടങ്കൽ- 1.5 ലക്ഷം രൂപ (എസ്.സി.എസ്.പി ഫണ്ട്)<br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി | ചെലവു നടത്തിയിട്ടില്ല. | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, ന്റെ ഇൻവോയ്സ് നം OLR/2018-19/302, തിയതി 31.01.2019 (തുക- 1,49,500 രൂപ) പ്രകാരം ഒരു 8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും ബദിയടുക്ക പഞ്ചായത്തിൽ ഡെലിവർ ചെയ്തിട്ടുണ്ട്.<br>ഈ മിനി മാസ്റ്റ് ലൈറ്റ് വാർഡ് 15 ലെ ചേടേക്കാൽ എസ്.സി കോളനിയിലേക്കുള്ള വഴി ആരംഭിക്കുന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. |
| 4 | എ)<u>പ്രോജക്ട് നം S 0201/ 2021-</u> ചെന്നഗുളി എസ്.സി കോളനി ജംക്ഷനിൽ തെരുവ് വിളക്ക്<br>അടങ്കൽ - 1 ലക്ഷം രൂപ (എസ്.എസി.എസ്.പി ഫണ്ട്)<br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി<br>ബി)<u>പ്രോജക്ട് നം S0206/ 2021-</u> ചെന്നഗുളി എസ്.സി കോളനിയിൽ തെരുവ് വിളക്ക്<br>അടങ്കൽ- 50,000 രൂപ (ധനകാര്യ കമ്മീഷൻ ഫണ്ട്)നിർവഹണ | ചെലവു നടത്തിയിട്ടില്ല. | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, ന്റെ ഇൻവോയ്സ് നം OLR/2018-19/304, തിയതി 31.01.2019 (തുക- 1,49,500 രൂപ) പ്രകാരം ഒരു 8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും ബദിയടുക്ക പഞ്ചായത്തിൽ ഡെലിവർ ചെയ്തിട്ടുണ്ട്.<br>ഈ മിനി മാസ്റ്റ് ലൈറ്റ് വാർഡ് 3 ൽ ചെന്നഗോളി എസ്.സി കോളനി മതിലിനകത്ത് റോഡിനോട് ചേർന്ന് സ്ഥാപിച്ചിട്ടുണ്ടെന്ന് സ്ഥല പരിശോധനയിൽ കണ്ടു ബോധ്യപ്പെട്ടു. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി | | |
| 5 | എ)പ്രോജക്ട് നം S0202/ 2021 - പാഡ്ലടുക്ക ജംക്ഷനിൽ തെരുവ് വിളക്ക് അടങ്കൽ - 1 ലക്ഷം രൂപ (വികസന ഫണ്ട് -ജനറൽ )<br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി<br>ബി)പ്രോജക്ട് നം S0207/ 2021- പാഡ്ലടുക്ക ജംക്ഷനിൽ തെരുവ് വിളക്ക് അടങ്കൽ- 50,000 രൂപ (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി | ചെലവ് നടത്തിയിട്ടില്ല. | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, ന്റെ ഇൻവോയ്സ് നം OLR/2018-19/303, തിയതി 31.01.2019 (തുക- 1,49,500 രൂപ) പ്രകാരം ഒരു 8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും ബദിയടുക്ക പഞ്ചായത്തിൽ ഡെലിവർ ചെയ്തിട്ടുണ്ട്.<br>ഈ മിനി മാസ്റ്റ് ലൈറ്റ് വാർഡ് 3 ൽ പാട്ലടുക്ക ജംക്ഷനിൽ റോഡിനോട് ചേർന്ന് സ്ഥാപിച്ചിട്ടുണ്ടെന്ന് സ്ഥല പരിശോധനയിൽ കണ്ടു ബോധ്യപ്പെട്ടു. (4 ഫ്ലഡ് എൽ.ഇ.ഡി ലൈറ്റുകളിൽ ഒരെണ്ണം തൂണിൽ കാണാൻ സാധിച്ചിട്ടില്ല. അന്വേഷണത്തിൽ, ഈ ലൈറ്റ് റിപ്പയറിനായി അഴിച്ചുകൊണ്ടു പോയതായി പരിസര വാസികൾ അറിയിച്ചിട്ടുണ്ട്.) |

സിഡ്കോയുടെ ഇൻവോയ്സുകളിലെ വിവരങ്ങൾ അനുസരിച്ച് സിഡ്കോ വിതരണം ചെയ്ത സാമഗ്രികളുടെ വിവരങ്ങളും പഞ്ചായത്ത് സിഡ്കോയ്ക്ക് നൽകാനുള്ള തുകകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ | സിഡ്കോയുടെ ഇൻവോയ്സിന്റെ വിവരങ്ങൾ | | ഇൻവോയ്സ് പ്രകാരമുള്ള സാമഗ്രികൾ |
|---|---|---|---|---|
| | | നം. തിയതി | തുക | |
| 1 | പ്രോജക്ട് നം S0205/2021- വിവിധ പട്ടിക വർഗ്ഗ കോളനികളിൽ കോളനി കളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ അടങ്കൽ - 8 ലക്ഷം രൂപ (ടി.എസ്.പി ഫണ്ട്) | OLR/ 2018- 19/291, തിയതി 30.01.2019 | 7,74,760 രൂപ | 250 എണ്ണം 24 വാട്ട് എൽ.ഇ.ഡി ലൈറ്റുകളും സർവീസ് വയർ, ക്ലാംപ്, നട്ട്/ബോൾട്ട് എന്നിവ. |
| 2 | പ്രോജക്ട് നം S0204/2021- വിവിധ പട്ടിക വർഗ്ഗ കോളനി കളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ<br>അടങ്കൽ- 3 ലക്ഷം രൂപ (ടി.എസ്.പി ഫണ്ട്) | OLR/ 2018- 19/265, തിയതി 15.01.2019 | 2,96,000 രൂപ | 4 എണ്ണം 200 വാട്ട് സോളാർ സ്ട്രീറ്റ് ലൈറ്റുകളും 5 മീറ്റർ നീളമുള്ള ജി.ഐ തൂണും |
| 3 | പ്രോജക്ട് നം 0203/ 2021- ചെടേക്കാൽ എസ്.സി കോളനി യിൽ മിനി മാസ്റ്റ് ലൈറ്റ്, അടങ്കൽ- 1.5 ലക്ഷം രൂപ (എസ്.സി.പി ഫണ്ട്) | OLR/2018- 19/302, തിയതി 31.01.2019 | 1,49,500 രൂപ | ഒരു 8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും |

| | | | | |
|---|---|---|---|---|
| | | | | അനുബന്ധ സാമഗ്രികളും |
| 4 | എ) പ്രോജക്റ്റ് നം S0201/ 2021- ചെന്നഗളി എസ്.സി കോളനി ജംക്ഷനിൽ തെരുവ് വിളക്ക്, അടങ്കൽ- 1 ലക്ഷം രൂപ (എസ്.എസി.പി ഫണ്ട്)<br>ബി) പ്രോജക്റ്റ് നം S0206/ 2020- ചെന്നഗളി എസ്.സി കോളനിയിൽ തെരുവ് വിളക്ക് അടങ്കൽ- 50,000 രൂപ (ധനകാര്യ കമ്മീഷൻ ഫണ്ട്) | OLR/2018-19/304, തിയതി 31.01.2019 | 1,49,500 (രൂപ) | l8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും |
| 5 | എ) പ്രോജക്റ്റ് നം S0202/ 2020- പാഡ്ലടുക്ക ജംക്ഷനിൽ തെരുവ് വിളക്ക്, അടങ്കൽ- 1 ലക്ഷം രൂപ (വികസന ഫണ്ട് – ജനറൽ<br>ബി)പ്രോജക്റ്റ് നം S0207/ 2020- പാഡ്ലടുക്ക ജംക്ഷനിൽ തെരുവ് വിളക്ക്, അടങ്കൽ- 50,000 രൂപ (ധനകാര്യ കമ്മീഷൻ ഫണ്ട്) | OLR/2018-19/303, തിയതി 31.01.2019 | 1,49,500 രൂപ | 8 മീറ്റർ നീളമുള്ള മിനി മാസ്റ്റും 100 വാട്ടിന്റെ 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും |

മേൽ പ്രോജക്ടുകളുടെ നിർവഹണത്തിൽ ശ്രദ്ധയിൽപെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

1. 16.10.2015 ലെ 3140/2015/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല

എ) 16.10.2015 ലെ 3140/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം എന്നിവ ഏൽപ്പിച്ചിരിക്കുന്നത് ക്രൂസ്, കെൽട്രോൺ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളെയാണ്. ഈ സ്ഥാപങ്ങൾക്ക മാത്രമേ തെരുവ് വിളക്കുകൾ സംബന്ധിച്ച പ്രവൃത്തി ടെണ്ടർ കൂടാതെ നേരിട്ട് ഏൽപ്പിക്കാനാവൂ. എന്നാൽ സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത SIDCO എന്ന സ്ഥാപനത്തിന് നേരിട്ട് കരാർ നൽകിയത് സർക്കാർ ഉത്തരവിന് വിപരീതമാണ്.

ബി) ബന്ധപ്പെട്ട സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി യിൽ നിന്ന് ക്ലിയറൻസ് വാങ്ങിയതിനു ശേഷം വേണം സപ്ലൈ ഓർഡർ നൽകാൻ എന്നാണ് ഈ ഉത്തരവിലെ രണ്ടാം വ്യവസ്ഥ. എന്നാൽ ഇത്തരമൊരു ക്ലിയറൻസ് കെ.എസ്.ഇ.ബി യിൽ നിന്ന് വാങ്ങിയിട്ടില്ല.

സി) സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞാൽ ഓർഡർ കിട്ടുന്ന സ്ഥാപനങ്ങൾ ഒരാഴ്ച്ചക്കകം ഓർഡർ അംഗീകരിച്ചു കൊണ്ട് മറുപടി നൽകേണ്ടതാണ്. ഒരാഴ്ച്ചക്കുള്ളിൽ മറുപടി ലഭിക്കുന്നില്ലെങ്കിൽ സ്ഥാപനത്തിന് താത്പര്യമില്ല എന്ന രീതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വന്തമായി ടെണ്ടർ നടപടി മുഖേന പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ് എന്നും ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018 ഒക്ടോബർ, നവംബർ മാസങ്ങളിലായാണ് ബദിയടുക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി SIDCO യ്ക്ക് വർക്ക് ഓർഡർ നൽകുന്നത്. എന്നാൽ ഓർഡർ അംഗീകരിച്ചു കൊണ്ട് SIDCO മറുപടി നൽകിയിട്ടില്ല.

ഡി) ഒരു സ്ഥാപനത്തെ ജോലി ഏൽപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ 2019 ജനുവരി മാസത്തിൽ മാത്രമാണ് സ്ഥാപനം സാധന സാമഗ്രികൾ സപ്ലൈ ചെയ്തത്. (ഇൻവോയ്സുകളുടെ തിയതികൾ).

2. പ്രൊക്യുയർമെന്റ് മാർഗരേഖ – പാലിച്ചില്ല

പ്രൊക്യുയർമെന്റ് മാർഗരേഖ (ജി.ഒ.പിനം.259/2010/തസ്വഭവ, തിയതി 08.11.2010) യിലെ പല നിബന്ധനകളും പാലിക്കാതെയാണ് ഈ പ്രോജക്ടുകളിൽ വിവിധ ഉപകരണങ്ങളുടെ സമാഹരണം നടത്തിയിട്ടുള്ളത്.

(എ) മാർഗരേഖയിലെ 4 എ (1) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾക്ക് വാങ്ങൽ കരാറുകളുടെ നിർവഹണത്തിൽ പല ഉത്തരവാദിത്തങ്ങളും ഏൽപ്പിച്ചിട്ടുണ്ട്. ആവശ്യം തിരിച്ചറിയുക, വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക അപകട ഘടകങ്ങൾ പരിശോധിക്കുക, സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുക, വിതരണക്കാരെ തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ലഭ്യമാക്കുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, സാങ്കേതിക വിലയിരുത്തൽ, സാധനങ്ങൾ സ്വീകരിച്ച് സാക്ഷ്യപത്രം നൽകുക, തുക അംഗീകരിച്ച് നൽകുക എന്നിവ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തങ്ങളാണ്. എന്നാൽ പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ്, പട്ടിക വർഗ വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് / ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ മിനുട്ട്സും മറ്റ് രേഖകളും പരിശോധിച്ചതിൽ മേൽ പ്രോജക്ടുകളുടെ നിർവഹണത്തിൽ ഈ വർക്കിംഗ് ഗ്രൂപ്പുകൾ മേൽ വിവരിച്ച ഉത്തരവാദിത്തങ്ങൾ ഒന്നും നിർവഹിച്ചിട്ടില്ല എന്ന് കാണുന്നു.

ബി) മാർഗരേഖയിലെ 4 എ (2) പ്രകാരം വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല വഹിക്കേണ്ട പ്രൊക്യുയർമെന്റ് ടീം രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരമൊരു ടീം പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

സി) മാർഗരേഖയിലെ 4 എ (3) പ്രകാരം പ്രസിഡന്റ് ചെയർപേഴ്സൺ ആയിട്ടുള്ള പർച്ചേസ് കമ്മിറ്റിയാണ് രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഉചിത തീരുമാനമെടുക്കാൻ ഭരണ സമിതിക്ക് ശുപാർശ നൽകേണ്ടത്. എന്നാൽ പഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റിയുടെ മിനുട്ട്സും മറ്റ് രേഖകളും പരിശോധിച്ചതിൽ, മേൽ പ്രോജക്ടുകളിൽ നടത്തിയ വാങ്ങലുകളിൽ ഇത്തരം ഇടപെടൽ നടത്തിയിട്ടുള്ളതായി കാണുന്നില്ല.

ഡി) മാർഗരേഖയിലെ 4 എ (4), 4 എ (5) എന്നിവ പ്രകാരം രൂപീകരിച്ച് പ്രവർത്തിക്കേണ്ടിയിരുന്ന സാമ്പത്തിക ടീം, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

ഇ) മാർഗരേഖയിലെ 4 ബി പ്രകാരം വാങ്ങലുകളുടെ എല്ലാ രേഖകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾക്ക് അനുബന്ധമായി പർച്ചേസ് ഫയലുകൾ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രോജക്ടുകളിൽ നടത്തിയ വാങ്ങലുകൾ സംബന്ധിച്ച പ്രോഫ്രോർമ ഇൻവോയ്സുകൾ, ഫയൽ നോട്ടുകൾ, കത്തിടപാടുകൾ, സാക്ഷ്യപത്രങ്ങൾ തുടങ്ങിയ രേഖകൾ സൂക്ഷിച്ചിട്ടില്ല.

<u>3. സ്റ്റോർസ് പർച്ചേസ് മാന്വൽ നിബന്ധനകളുടെ ലംഘനം-</u>

ഈ പ്രോജക്ടുകളിൽ SIDCO എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് സാധന സാമഗ്രികളുടെ സമാഹരണം നടത്തിയിട്ടുള്ളത്. എന്നിരുന്നാലും ഈ പ്രോജക്ടുകളിൽ വാങ്ങാനുദ്ദേശിക്കുന്ന സാധന സാമഗ്രികളുടെ ആവശ്യകത, അളവുകൾ, സ്പെസിഫിക്കേഷനുകൾ, സാങ്കേതിക ഘടകങ്ങൾ, പ്രവർത്തനത്തിന്റെ സവിശേഷതകൾ എന്നിവ സംബന്ധിച്ച് വാങ്ങൽ അധികാരിയായ നിർവഹണ ഉദ്യോഗസ്ഥനോ പർച്ചേസ് കമ്മിറ്റിയോ പഞ്ചായത്ത് കമ്മിറ്റിയോ ഒരു തരത്തിലുള്ള തീരുമാനങ്ങളും മുൻകൂട്ടി കൈക്കൊള്ളാതെയാണ് പർച്ചേസിന് മുതിർന്നിട്ടുള്ളത്. മാന്വലിലെ 4.5 ക്ലോസിൽ വ്യക്തമാക്കിയിട്ടുള്ള അവശ്യ സാങ്കേതിക സൂചികകൾ മുൻകൂട്ടി തയ്യാറാക്കി SIDCOയെ അറിയിക്കുകയോ അതനുസരിച്ചുള്ള നിരക്കുകൾ കാണിക്കുന്ന പ്രോഫോർമാ ഇൻവോയ്സുകൾ കൈപ്പറ്റി വിശകലനം ചെയ്ത് തീരുമാനങ്ങൾ ഒന്നും കൊക്കൊള്ളുകയോ ചെയ്തിട്ടില്ല.

<u>4. കരാർ ഉടമ്പടി തയ്യാറാക്കിയതിലെ അപാകതകൾ-</u>

മേൽ പട്ടികയിലെ പ്രോജക്ടുകളിൽ 6 പ്രോജക്ടുകൾക്ക് ഒന്നിച്ചാണ് കരാർ ഉടമ്പടി തയ്യാറാക്കിയിട്ടുള്ളത്. (പ്രോജക്ട് നം 0285/2020, 0287/2019, 0286/2020, 0290/202, 0357/2020, 0291/2020). കരാറിൽ സിഡ്കോ മാനേജർ മാത്രമേ ഒപ്പു വച്ചിട്ടുള്ളൂ. നിർവഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ചിട്ടില്ല. കരാറിൽ നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം 0288/20, 0289/20 എന്നിവയ്ക്ക് പ്രത്യേക കരാർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ കരാറുകളിലും സിഡ്കോ മാനേജർ മാത്രമേ ഒപ്പു വച്ചിട്ടുള്ളൂ. നിർവഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ചിട്ടില്ല.

കരാറിന് നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5. ഫയൽ സൂക്ഷിപ്പ് ക്രമപ്രകാരമല്ല-

ഓരോ പ്രോജക്ടിനും പ്രത്യേക ഫയലുകൾ സൂക്ഷിച്ചിട്ടില്ല. മേൽ പട്ടികയിലെ എല്ലാ പ്രോജക്ടുകളുടെയും ലഭ്യമായ രേഖകൾ കൂട്ടിക്കെട്ടി ഒറ്റ ഫയലായാണ് സൂക്ഷിച്ചിട്ടുള്ളത്.

6. കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിച്ചില്ല-

എ) കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോക്കുകൾ കൈപ്പറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ ചേർക്കേണ്ടതാണ്. ആർട്ടിക്കിൾ 149(1) പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റു ഉദ്യോഗസ്ഥനോ സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ രണ്ടു വ്യവസ്ഥകളും പാലിച്ചിട്ടില്ല.

ബി) ആർട്ടിക്കിൾ 122 പ്രകാരം മുൻകൂട്ടിയുള്ള ആവശ്യകതാ നിർണയം നടത്തേണ്ടിയിരുന്നത് നടത്തിയിട്ടില്ല. കൂടാതെ ആർട്ടിക്കിൾ 123 പ്രകാരം തയ്യാറേക്കേണ്ടിയിരുന്ന ഇന്റന്റ് തയ്യാറാക്കിയിട്ടുമില്ല.

7. മോണിറ്ററിംഗ്- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ, തിയതി 29.01.2018 ലെ 13.1 ലെ വ്യവസ്ഥ പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. എന്നാൽ ഈ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

8. സ്റ്റാറ്റസ് റിപ്പോർട്ട് – പദ്ധതി രൂപീകരണത്തിനു മുന്നോടിയായി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അതാത് മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പട്ടികജാതി വർക്കിംഗ് ഗ്രൂപ്പും പട്ടികവർഗ വർക്കിംഗ് ഗ്രൂപ്പും നിലവിലുണ്ട്. എന്നാൽ ഈ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത്,ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ പറയുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാണോ മേൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് എന്ന് ഉറപ്പു വരുത്താനായിട്ടില്ല.

9. സോഷ്യൽ മാപ്പ്- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ യിലെ 6.1.9, 6.2.9 എന്നീ വ്യവസ്ഥകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ ഉപ പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് നിർവഹിക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ല്ഭിക്കുന്ന പ്രദേശത്തിന്റെ ഒരു സോഷ്യൽ മാപ്പ് പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഇപ്രകാരമുള്ള സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ ആസൂത്രണ സമിതി ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടുകളിൽ, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് നിർവഹിച്ച പ്രോജക്ടുകളിൽ സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടില്ല.

**1-26 ബഡഗമൂലെ സിംഗിൾ ഫേസ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി-പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, പ്രൊജക്ട് നമ്പർ - SO 343/21

അടങ്കൽ -₹1,50,000/- രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് 50,000 രൂപ + തനത് ഫണ്ട് 1,00,000രൂപ)

ബിൽ നമ്പർ-33/20-21/തീ.22.02.2021 – 50,000/-രൂപ.

ചെക്ക് നം 119006/തീ. 26.02,2021- 99,928/-രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലേക്ക് പുതിയ സിംഗിൾ ഫേസ് ലൈൻ വലിക്കാനുള്ള ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷൻ അസി.എഞ്ചിനീയർ, നമ്പർ DB/17-18/BDK/256/Dt.15.02.2018 പ്രകാരം ഗ്രാമപഞ്ചായത്തിന് എസ്റ്റിമേറ്റ് നല്കുകി. എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തിക്ക് ആകെ 1,49,928/- രൂപയാണ് പദ്ധതിയുടെ ചെലവ്. തുടർന്ന്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1,49,928/-രൂപ മേൽ വിവരിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047-ലേക്ക് ഡെപ്പോസിറ്റ് ചെയ്തു. ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)പ്രവർത്തി നടത്താനായി കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഒപ്പ് വെച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 1,49,928/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 08-09-2021 & 09-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | |
| | 2020-21 | 198480 | പാലിയേറ്റീവ് കെയർ | 198480 | |
| | 2020-21 | 140021 | പാലിയേറ്റീവിനായി ഉപകരണങ്ങൾ-മരുന്ന് | 140021 | |
| | 2020-21 | 239415 | നെൽകൃഷി കൂലിച്ചെലവ് | 239415 | |
| | 2020-21 | 122133 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (So Project) | 122133 | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 2829000 | ലൈഫ് ഭവന പദ്ധതി ജനറൽ | 2510000 | 319000 |
| | 2020-21 | 1100000 | ലൈഫ് ഭവനപദ്ധതി SC | 780000 | 320000 |
| | 2020-21 | 400000 | ലൈഫ് ഭവനപദ്ധതി ST | 180000 | 220000 |
| | 2020-21 | 85000 | പച്ചക്കറി കൃഷി കൂലിച്ചെലവ് | 85000 | |
| | 2020-21 | 85000 | പച്ചക്കറി കൃഷി കൂലിച്ചെലവ് (So Project) | 85000 | |
| | 2020-21 | 300000 | കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം | 300000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 87301 | പാലിയേറ്റീവിനായി ഉപകരണങ്ങൾ-മരുന്ന് | 87301 | |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

| | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്നതുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം.SO343/2020-21 ബഡ്ജമൂല സിംഗിൾ ഫേസ് ലൈൻ എക്സ്റ്റൻഷൻ | 52000851-തി.28.2.2021 (50000 + 99928) | 149928 | 0 | 149928 |
| KSEB | പ്രൊ.നം SO209/2020-21. വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ്സ്ഥാപിക്കൽ | ബില്ല് നമ 3/18.3.2021 | 928331 | 424282 | 504049 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്**

ഇല്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം ലഭിച്ച വായ്പ തുക, തിരിച്ചടച്ച തുക, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുക എന്നിവയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018.തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം | ₹4,50,75,869 | ₹23,00,000 (തൻ വർഷം വരവ്) + | 45,51,804 | 0 | 4,05,24,065 |

| | | | | | |
|---|---|---|---|---|---|
| | 111/2018.തസ്വഭവ. തി.13-8-2018 | | ₹4,27,75,869 ആകെ ₹4,50,75,869) | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,044/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-11-2 | 3,825 | അസി-എഞ്ചിനിയർ | 1120040102412 തി.14.10.2020 |
| 2017-18 | 3-11-3 | 1,219 | അസി-എഞ്ചിനിയർ | |
| ആകെ | | 5,044 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2003-04 | 3-14-3-2 | സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചത് | നിയമസഭാ സമിതി (2021-23) 2.09.2021 ലെ യോഗത്തിൽ ഖണ്ഡിക പരിഗണിച്ചു. ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഓഴിവാക്കാമെന്ന് ശുപാർശ നൽകിയിട്ടുണ്ട്. 24.8.2021 ന് എം.ഐ.പി സമർപ്പിച്ചിട്ടുണ്ട്. |
| 2001-02 | 3-4, 3-5, 3-6 | 2007-08 | 3.66.2 | NMR ക്രമക്കേടുകൾ. | തുക തിരികെ ഈടാക്കിയിട്ടില്ല. ഭരണ സമിതി സാധൂകരിച്ചിട്ടുണ്ട്. നിയമ സഭാ സമിതി (2016-19)പരിഗണനയിൽ 21.11.2017 ന് സിറ്റിങ്ങ് നടത്തി |
| ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും-അവലോകന റിപ്പോർട്ട് | - | 2013-14 | 5.1.5.17 | വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് (പേജ്.87) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2-1*, 2-2 | 2016-17 | അധ്യായം.2 അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല. (ഖ.2.1 വസ്തു നികുതിയുമായി ബന്ധപ്പെട്ടതാണ് ) |

**4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം**

**എ)** ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – **ഇല്ല**
**ബി)** സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – **ഇല്ല**

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,28,93,403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,51,21,728 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,74,720രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 26,24,792 രൂപ | ശ്രീ.പ്രദീപ് എം, സെക്രട്ടറി |
| 1-26 | 1,49,928രൂപ | ശ്രീ.പ്രദീപ് എം, സെക്രട്ടറി |
| ആകെ | 27,74,720രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1997-98 | KSA/KSD.6/558/19(10) തിയതി:29.6.2019 | 01 |
| 1998-99 | KSA/KSD.6/558/19(11) തിയതി:29.6.2019 | 01 |
| 1999-2000 | KSA/KSD.6/558/19(12) തിയതി:29.6.2019 | 03 |
| 2000-01പ്ലാൻ | KSA/KSD.3/436/2018 തിയതി.11.05.2018 | 2 |
| 2000- | KSA/KSD.3/436/2018 തിയതി.11.05.2018 | 7 |

| | | |
|---|---|---|
| 01ഫൈനൽ | | |
| 2001-02പ്ലാൻ | KSA/KSD.3/436/2018 തിയതി.11.05.2018 | 7 |
| 2001-02ഫൈനൽ | KSA/KSD.3/436/2018 തിയതി.11.05.2018 | 9 |
| 2002-03 | KSA/KSD.3/436/2018 തിയതി.11.05.2018 | 28 |
| 2003-04 | KSA/KSD.3/436/2018 തിയതി.11.05.2018 | 20 |
| 2004-05 | KSA/KSD.3/436/2018 തിയതി.11.05.2018 | 23 |
| 2005-06 | KSA/KSD.3/436/2018 തിയതി.11.05.2018 | 21 |
| 2006-07 | KSA/KSD.3/436/2018 തിയതി.11.05.2018 | 27 |
| 2007-08 | KSA/KSD.3/436/2018 തിയതി.11.05.2018 | 3 |
| 2008-09 | KSA/KSD.3/436/2018 തിയതി.11.05.2018 | 12 |
| 2009-10 | KSA/KSD.3/436/2018 തിയതി.11.05.2018 | 14 |
| 2010-11 | KSA/KSD.3/436/2018 തിയതി.11.05.2018 | 32 |
| 2011-12 | KSA/KSD.3/436/2018 തിയതി.11.05.2018 | 20 |
| 2012-13 | KSA/KSD.3/436/2018 തിയതി.11.05.2018 | 17 |
| 2013-14 | KSA/KSD.3/436/2018 തിയതി.11.05.2018 | 18 |
| 2014-15 | KSA/KSD.3/436/2018 തിയതി.11.05.2018 | 5 |
| 2015-16 | KSA/KSD.3/436/2018 തിയതി.11.05.2018 | 20 |
| 2016-17 | KSA/KSD.3/436/2018 തിയതി.11.05.2018 | 27 |
| 2017-18 | KSA/KSD.6/051/2019 തിയതി.18.01.2019 | 18 |
| 2018-19 | KSA/KSD.6/1225/2019 തിയതി.09-01-2020 | 35 |
| 2019-20 | KSA/KSD.6/645/2021 തിയതി. 15.11.2021 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ മുഴുവൻ തടസ്സങ്ങളും തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Badiadka Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7089156.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 964356.00 |
| 140000000 | Fee & User Charges | I-4(b) | 949117.00 |
| 150000000 | Sale & Hire Charges | I-5(b) | 229427.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 176396366.00 |
| 171000000 | Interest Earned | I-8 | 136037.00 |
| 180000000 | Other Income | I-9 | 1091609.00 |
| | **Total Income** | | **186856068.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10196089.00 |
| 220000000 | Administrative Expenses | I-11(b) | 2543514.00 |
| 230000000 | Operations & Maintenance | I-12(b) | 1599879.00 |
| 240000000 | Interest & Finance Charges | I-13 | 221035.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8929709.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71219688.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5381881.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1088275.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 59348100.00 |
| 255000000 | Maintenance Projects | I-14(e) | 18935602.00 |
| | **Total Expenditure** | | **179463772.00** |
| | **Gross Surplus/ Deficit of income over Expenditure** | | **7392296.00** |
| 280000000 | Prior Period Item | I-18 | 591219.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **6801077.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Badiadka Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 49188225.00 |
| Cash | Cash | RP-40(a) | 28945.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1800875.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 659033.00 |
| 150000000 | Sale & Hire Charges | RP-5 | 228677.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 88134673.00 |
| 171000000 | Interest Earned | RP-9 | 136037.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12125797.00 |
| 350000000 | Other Liabilities | RP-36 | 520966.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 366554.00 |
| 330000000 | Secured Loans | RP-32 | 2300000.00 |
| 340000000 | Deposits Received | RP-34 | 284093.00 |
| 350000000 | Other Liabilities | RP-36 | 459059.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5704183.00 |
| 460000000 | Loans, Advances and Deposits | RP-47 | 170456.00 |
| | **Grand total** | | **162110573.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2841964.00 |
| 220000000 | Administrative Expenses | RP-12 | 2543514.00 |
| 230000000 | Operations & Maintenance | RP-13 | 1592078.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8588607.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 30471040.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5135363.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1088275.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 881000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 18935602.00 |
| 280000000 | Prior Period item | RP-26 | -8856.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1238421.00 |
| 350000000 | Other Liabilities | RP-36 | 4713836.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 221035.00 |
| 280000000 | Prior Period Item | RP-26 | -18380.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 219179.00 |
| 350000000 | Other Liabilities | RP-36 | 2624020.00 |
| 410000000 | Fixed Assets | RP-38 | 12047521.00 |
| | | | |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 8350111.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 45409284.00 |
| 440000000 | Pre-paid Expenses | RP-45 | 6425000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1823114.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 6852105.00 |
| Cash | Cash | RP-40(b) | 136740.00 |
| | **Grand Total** | | **162110573.00** |

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

Badiadka Grama Panchayat

BALANCE SHEET

As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 25947295.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11500.00 |
| 312000000 | Reserves | B-3 | 102730005.00 |
| | **Total Reserve & Surplus** | | **128688800.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15537907.00 |
| | **Total Grants, Contributions for Specific Purposes** | | **15537907.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 46660820.00 |
| | **Total Loans** | | **46660820.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1315250.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2408548.25 |
| | **Total Current Liabilities and Provisions** | | **3723798.25** |
| | **TOTAL LIABILITIES** | | **194611326.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 133550013.00 |
| 411000000 | Accumulated Depreciation | B-11 | -42110901.00 |
| 412000000 | Capital Work in Progress | B-11(a) | 974065.00 |
| | **Total Fixed Assets** | | **92413177.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 47365051.00 |
| 440000000 | Pre-paid Expenses | B-16 | 46660820.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 6988845.00 |
| 460000000 | Loans, Advances and Deposits | B-18 | 1183433.00 |
| | | | |

| | |
|---|---|
| **Total Current Assets, Loans and Advances** | **102198149.00** |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| **TOTAL ASSETS** | **194611326.00** |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർകോഡ്